കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പനമരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: **dowyd.ksad@kerala.gov.in**
ഫോൺ : **0493-6203672**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ച്ീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി4-1157/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 24/12/2024
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനമരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനമരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനമരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി-പി4-1157/2024 തീയ്യതി: 24/12/2024

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 27-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അഖില മോഹൻ കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	18-11-2024	27-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-11-2024	27-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ നവാസ് കെ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ അലി അക്ബർ കെ,അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി ഇന്ദു കെ നായർ, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീ വിപിൻ ചന്ദ്രൻ എം.ടി, ഓഡിറ്റർ
ശ്രീ അർജ്ജുൻ കെ മാത്യു, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
പി.എം.ആസ്യ ടീച്ചർ	പ്രസിഡന്റ്	01-04-2023	31-03-2024
അനിൽ രാമകൃഷ്ണൻ	സെക്രട്ടറി	01-04-2023	13-09-2023
ഷിനോജ് മാത്യു	സെക്രട്ടറി	14-09-2023	04-10-2023
വിനേദൻ എം.ടി	സെക്രട്ടറി	05-10-2023	10-12-2023
ടി അജയകുമാർ	സെക്രട്ടറി	11-12-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രിയേഷ്.എൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	13-07-2023
അബ്ദുൾ ജമാൽ	അസിസ്റ്റന്റ് സെക്രട്ടറി	14-07-2023	13-09-2023
വിനോദ് കുമാർ.പി	അസിസ്റ്റന്റ് സെക്രട്ടറി	14-09-2023	31-03-2024

ഷിനോജ് .ടി.വി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	19-07-2023
ഗിരിഷ് കുമാർ.വി	അസിസ്റ്റന്റ് എഞ്ചിനീയർ	20-07-2023	27-02-2024
സാം ജോയ്സൺ	അസിസ്റ്റന്റ് എഞ്ചിനീയർ	28-02-2024	17-03-2024
ഗിരിഷ് കുമാർ.വി	അസിസ്റ്റന്റ് എഞ്ചിനീയർ	18-03-2024	31-03-2024
നവീൻ രാജ്.എം.പി	ഡയറി ഫാം ഇൻസ്പെക്ടർ	01-04-2023	31-03-2024
ഡോ മുസ്തഫാ കോട്ട	വെറ്ററിനറി സർജൻ	01-04-2023	31-03-2024
റജി തോമസ്	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ഡോ.ബെല്ലാ മറിയ ജോസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
സുനിത.ഇ.ആർ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	01-04-2023	31-03-2024
റജീന.എം.വി	ഐ.സി.ഡി.എസ് .സൂപ്പർവൈസർ	01-04-2023	31-03-2024
ഡോ. ഷീജ	മെഡിക്കൽ ഓഫീസർ (അലാപ്പത്)	01-04-2023	02-06-2023
ഡോ.വൽസല.പി.പി	മെഡിക്കൽ ഓഫീസർ (അലാപ്പതി)	03-06-2023	30-10-2023
ഡോ.രഞ്ജിത്ത്	മെഡിക്കൽ ഓഫീസർ (അലാപ്പതി)	31-10-2023	31-03-2024
ജിതിൻ രാജ്.പി.എം	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	31-03-2024
മുഹമ്മദ് അബ്ദുൾ ജമിയ.എം	അഗ്രികൾച്ചർ ഓഫീസർ	01-04-2023	31-03-2024
സാജൻ.പി	വില്ലേജ്എക്സറ്റൻഷൻ ഓഫീസർ	01-04-2023	12-06-2023
ജസ്മാൽ ഖാൻ .കെ.കെ	വില്ലേജ്എക്സറ്റൻഷൻ ഓഫീസർ	13-06-2023	09-07-2023
സാജൻ.പി	വില്ലേജ്എക്സറ്റൻഷൻ ഓഫീസർ	10-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ക്യാഷ് ഫ്ലോ പത്രിക - ആകെ ക്യാഷ് ഫ്ലോ തൻവർഷ മുന്നിരിപ്പും , നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല	1-1-2
4	എല്ലാ ബാങ്ക് അക്കൗണ്ടുകളും പ്രതിമാസ റീ കൺസിലിയേഷൻ പത്രിക തയ്യാറിക്കിയിട്ടില്ല	1-1-3
5	കാലഹരണപ്പെട്ട ചെക്കുകൾ സ്റ്റെയ്ൽ ചെക്ക് അക്കൗണ്ടിലേക്ക് മാറ്റിയില്ല	1-1-4
6	ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ നാളിതു വരെ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല.	1-1-5
7	ഉദ്ദ്യേശ്യം പ്രതിഫലിക്കുന്ന അക്കൗണ്ട് ഹെഡിൽ തുക ബുക്ക് ചെയ്തില്ല	1-1-6
8	രജിസ്റ്ററുകൾ പ്രകാരമുള്ള തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല	1-1-8
10	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-9
11	കുടിശ്ശിക തുകയ്ത്ത് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.	1-1-10
12	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-11
13	വാർഷിക കണക്കിലെ മറ്റ് അപാകതകൾ	1-1-12
14	ബജറ്റ്	1-2
15	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
16	ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)	1-4
17	പദ്ധതിഅവലോകനം	1-5
18	ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി	1-6
19	ക്ഷേമ പദ്ധതികൾ	1-7
20	ക്യാഷ് ബാലൻസ്	1-8
21	ആഭ്യന്തര നിയന്ത്രണം	1-9
22	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
23	തൊഴിൽ നികുതി-രേഖകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല	1-11-1
24	തൊഴിൽ നികുതി രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-11-2
25	ട്രേഡ് ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല	1-11-3
26	തൊഴിൽ നികുതി- രേഖകളുടെ സൂക്ഷിപ്പിലും ഡിമാന്റിലും അപാകതകൾ	1-11
27	സ്ഥാപനങ്ങൾ ട്രേഡ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-12-1
28	ലൈസൻസ് ഫീ ഈടാക്കുന്നതിന് കൃത്യമായ മാനദണ്ഡം ഇല്ല	1-12-2
29	ലൈസൻസ് അനുവദിക്കുന്നതിലും,ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിലും അപാകത	1-12
30	കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലമുള്ള നഷ്ടം	1-13
31	പുതിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി പഴയ നിരക്കിൽ നിർണയിച്ചത് മൂലം നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്	1-14
32	ടർഫിന്റെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല	1-15-1
33	ടർഫിന് വസ്തു നികുതി ഈടാക്കാത്തകിനാൽ 3,76,650/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്	1-15-2
34	പെർമിറ്റ് എടുക്കാതെ പഞ്ചായത്തിൽ ടർഫ് പ്രവർത്തിക്കുന്നു	1-15
35	പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല	1-16
36	വാടക ഡിമാൻഡ് ചെയ്തത്തിലെ അപാകതകൾ	1-17
37	ആംബുലൻസ് വാടക- കുടിശ്ശിക ഒടുക്കിയിട്ടില്ല.	1-18
38	തനത് ഫണ്ടിൽ നിന്നും പിൻവലിച്ച തുകകളുടെ വിനിയോഗം വ്യക്തമല്ല	1-19
39	വസതി ലോൺ പലിശ അടവ്- ഡി പി സി അംഗീകാരം ലഭിച്ച അടങ്കലിനെക്കാൾ തുക ചെലവഴിച്ചു	1-20
40	ഘടക സ്ഥാപനങ്ങൾക്കുവേണ്ടി ഫർണിച്ചർ വാങ്ങൾ- സ്റ്റോക്കും വിതരണ വിവരവും ഹാജരാക്കിയില്ല	1-21
41	സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം- ഫയൽ ഹാജരാക്കാത്തത്-സംബന്ധിച്ച്	1-22
42	അസി.എഞ്ചിനിയർ -ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.	1-23
43	2023-24 വർഷത്തെ ചെലവ് പത്രികയിൽ 20 പദ്ധതികളുടെ ചെലവ് - ₹70,68,450/-	1-24

	രേഖപ്പെടുത്തിയിട്ടില്ല.	
44	കൈപ്പാട്ട് കുന്ന് കുടിവെള്ള പദ്ധതി പമ്പ് ഹൗസ് പുനർ നിർമ്മാണം - പ്രവർത്തനക്ഷമമായിട്ടില്ല.	1-25
45	മാതം കോട് കോളനി കുടിവെള്ള പദ്ധതി ടാങ്ക് മോട്ടോർ പ്ലംബിംഗ് സ്ഥപിക്കൽ - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.	1-26
46	ഒന്നാം മൈൽ ലക്ഷം വീട് കുഴൽ കിണർ നിർമ്മാണം - മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയാട്ടില്ല.	1-27
47	കൈതക്കൽ ജലനിധി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ - ₹ 9,99,261/- സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടില്ല.	1-28
48	SECURE സോഫ്റ്റ്വെയറിൽ സിമന്റിന് അധിക നിരക്ക് ഉൾപ്പെടുത്തിയതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ സിമന്റിന് അധിക തുക നൽകുന്നു.	1-29
49	കർഷകർക്ക് കുമ്മായം , ജൈവവളം വിതരണം - രേഖകൾ ഹാജരാക്കിയില്ല- 1204557/- രൂപ തടസ്സം	1-30
50	ഭവന പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തീകരിച്ചില്ല	1-31
51	മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല	1-32
52	ഐസിഡിഎസ് സൂപ്പർവൈസർ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.	1-33
53	വിനിയോഗ സാക്ഷ്യപത്രങ്ങൾ-ഹാജരാക്കിയില്ല	1-34
54	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ	1-35
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	വാർഷിക കണക്ക് പരിശോധിച്ച വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപത്തിന്റെ വിവരം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	Abstract Of Annual Financial Statements	

ഭാഗം -1

പൊതു അവലോകനം

1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011- ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ (ജി.ഒ(എം).എസ്.നം.83/11/ എൽ.എസ്. ജി.ഡി/28.03.2011), ചട്ടം 62-2(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുൾപ്പെടെ അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി (10/26.11.2024)ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പനമരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (നം.1 തീ.25/07/2024) 25/07/2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പനമരം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനമരം ഗ്രാമ പഞ്ചായത്തിന്റെ 2023-2024 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

സ്ഥലം: കൽപ്പറ്റ
തീയതി: 24.12.2024

1-1-2 ക്യാഷ് ഫ്ലോ പത്രിക - ആകെ ക്യാഷ് ഫ്ലോ തൻവർഷ മുന്നിരിപ്പും , നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസവുമായി പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ പത്രികയിൽ 2023-24 സാമ്പത്തിക വർഷം "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ (-) 957014.5 രൂപയാണ്. എന്നാൽ, ഇതേ പത്രികയിൽ 2023-24 സാമ്പത്തിക വർഷം "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹18,47,126 രൂപയാണ്. അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ, 2023-24 സാമ്പത്തിക വർഷത്തെ ക്യാഷ് ഫ്ലോ പത്രിക മേൽ പ്രകാരം പൊരുത്തപ്പെടാത്തതിനാൽ, പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

1-1-3 എല്ലാ ബാങ്ക് അക്കൗണ്ടുകളും പ്രതിമാസ റീ കൺസിലിയേഷൻ പത്രിക തയ്യാറിക്കിയിട്ടില്ല

എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കുന്നില്ല.

ക്രമ നം.	ബാങ്ക്/ ട്രഷറിയുടെ പേര്	അക്കൗണ്ട് നം.	റിമാർക്സ്
1	Syndicate Bank	47502200014120	ILGMS പ്രകാരം സെപ്തംബർ 2023 വരെ മാത്രമേ

			റീകൺസിലിയേഷൻ നടത്തിയിട്ടുള്ളൂ.
2	District Co-Operative Bank	1300612201020022	ILGMS പ്രകാരം മാർച്ച് 2023 വരെ മാത്രമേ റീകൺസിലിയേഷൻ നടത്തിയിട്ടുള്ളൂ.

അക്കൗണ്ടുകൾ റീ കൺസിൽ ചെയ്യാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

B) താഴെ പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റും റീകൺസിലിയേഷൻ പത്രികയും ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	**ബാങ്ക്/ട്രഷറിയുടെ പേര്**	**അക്കൗണ്ട് നം.**	**നീക്കി ബാക്കി(₹) (B-17 പ്രകാരം)**
1	Nationalised Bank Account Of Own Revenue Fund	-	11094
2	Treausury Account Of Covid	11111	11,094
3	Treausury Covid	0101010	8,30,421
4	District Co-Operative Bank	1300612201020022	25045
5	IDBI	1490104000044101	0

റീകൺസിലിയേഷൻ പത്രിക ഹാജരാക്കേണ്ടതാണ്.

അക്കൗണ്ടുകൾ റീ കൺസിൽ ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (10/26.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. റീ കൺസിൽ ചെയ്ത് രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

1-1-4 കാലഹരണപ്പെട്ട ചെക്കുകൾ സ്റ്റെയ്ൽ ചെക്ക് അക്കൗണ്ടിലേക്ക് മാറ്റിയില്ല

ഗ്രാമ പഞ്ചായത്ത് നൽകി മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	**ബാങ്കിന്റെ പേര്**	**ബാങ്ക് അക്കൗണ്ട് നം.**	**ചെക്ക് നം./ തീയതി**	**തുക(₹)**
1	കേരള ബാങ്ക്, പനമരം	170410801000611	008476/11-07-2023	2,500
			008511/ 31.3.2023	1508
			008524/31.3.2023	109284
			008175/22.12.2022	737
			007217/ 27.10.2021	9560
			008175/22-12-2022	2097
			008175/22-12-2022	10327
			008175/22-12-2022	3,730
			008170/15.12.2022	2500
			028119/28-12-2022	13,200
			8517/31-03-2023	32,000
			008563/08.05.2023	721
			008493/24.08.203	898
			008493/24.08.2023	4198
			000250/000250	410
			000437/01-12-2023	490

			000501/07-12-2023	2967
			007255/02-12-2021	8460
			008156/28-11-2022	1000
			007522/27.04.22	3,462
2	കാനറ ബാങ്ക്, പനമരം	856101061406	745893/22.03.21	2,700
			463728/02.07.21	16,580
			736534/25.05.21	370
			736458/23.04.21	725
			247959/29.03.17	38,640

പണമായി മാറാത്ത തുകകൾ സ്റ്റേൽ ചെക്ക് അക്കൗണ്ടിലേക്ക് മാറ്റാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി(10/26.11.2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയവ സ്റ്റേൽ ചെക്ക് അക്കൗണ്ടിലേക്ക് മാറ്റി അറിയിക്കേണ്ടതാണ്. മൂന്ന് വർഷത്തിൽ കൂടുതൽ ആയ ചെക്കുകൾക്ക് റിവേഴ്സ് എൻട്രി നൽകേണ്ടതാണ്.

1-1-5 ബാങ്കിൽ നിക്ഷേപിച്ച ചെക്കുകൾ നാളിതു വരെ അക്കൗണ്ടിൽ ക്രഡിറ്റ് ആയില്ല.

ഗ്രാമ പഞ്ചായത്ത് ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചു. നാളിതു വരെ തുക ക്രഡിറ്റ് ആയില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	ബാങ്കിന്റെ പേര്	ബാങ്ക് അക്കൗണ്ട് നം.	ചെക്ക് നം./തീയതി	തുക(₹)
1	കേരള ബാങ്ക്, പനമരം	170410801000611	152754/22.06.22	15,494.00
			529305/23.03.22	62,000.00
			6471918/27.03.22	12,500.00
			1230000153/04.09.2023	40078
2	കാനറ ബാങ്ക്, പനമരം	856101061406	012280/08.03.21	36,150.00
			338517/28.02.20	4,000.00
			404726/07.09.21	31,250.00

പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (10/26.11.2024)മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. പണമാക്കി മാറ്റാൻ കഴിയാത്ത ചെക്കുകൾ ബാങ്കിൽ നിന്നും തിരിച്ചു വാങ്ങേണ്ടതും അക്കൗണ്ടിൽ റിവേഴ്സ് എൻട്രി നടത്തി ചെക്ക് തന്ന ആൾക്കെതിരെ നിയമനടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-6 ഉദ്ദ്യേശ്യം പ്രതിഫലിക്കുന്ന അക്കൗണ്ട് ഹെഡിൽ തുക ബുക്ക് ചെയ്തില്ല

കമ്പത്തുംകുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പദ്ധതിക്ക് വൗച്ചർ നമ്പർ 22300963/24.02.2024 പ്രകാരം KWA യ്ക്ക് 2,00,000/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ചിട്ടില്ല. എന്നാൽ ടി തുക ബി -18 ൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല . വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (10/26.11.2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-7 രജിസ്റ്ററുകൾ പ്രകാരമുള്ള തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

നികുതി നികുതിയേതര വരവിനങ്ങളിൽ രജിസ്റ്റർ പ്രകാരമുള്ള വരവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	വിവരണം	വാർഷിക കണക്കിലെ തുക(₹)	രജിസ്റ്റർ പ്രകാരമുള്ള തുക(₹)
1	തൊഴിൽ നികുതി (ജീവനക്കാർ) വരവ്	2339680	2378930
2	തൊഴിൽ നികുതി(traders) വരവ്	745770 (അഡ്വാൻസ്-421360 കറണ്ട് - 324410)	756670 (അഡ്വാൻസ്-421360 കറണ്ട് - 335310)
3	വാടക വരവ് (Current)	1985776	1975244

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് മറുപടി (10/26.11.2024) ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-8 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

1.ചുവടെ സൂചിപ്പിച്ച രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

ക്രമനമ്പർ	രജിസ്റ്റർ
1	അഡ്വാൻസ് രജിസ്റ്റർ

2	തൊഴിൽ നികുതി ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ
3	വാടക കുടിശ്ശിക രജിസ്റ്റർ
4	ലൈഫ് പദ്ധതി- ഹഡ്കോ ലോൺ രജിസ്റ്റർ

2.ചുവടെ സൂചിപ്പിച്ച രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കാലികമാക്കാത്തതിനാൽ ഓഡിറ്റ് നടത്തുന്നതിന് സാധിച്ചിട്ടില്ല.

ക്രമനമ്പർ	രജിസ്റ്റർ
1	ഡെപ്പോസിറ്റ് രജിസ്റ്റർ
2	ലോൺ രജിസ്റ്റർ (ഭവന പദ്ധതി)
3	പെർമിറ്റ് ഫീ രജിസ്റ്റർ
4	റഗുലറൈസേഷൻ ഫീ രജിസ്റ്റർ
5	വസ്തുനികുതി ഡിമാന്റ്,കളക്ഷൻ ബാലൻസ് രജിസ്റ്റർ
6	സ്റ്റോക്ക് രജിസ്റ്റർ
7	ആസ്തി രജിസ്റ്റർ
8	ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ

രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (10/26.11.2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ILGMS ലെഡ്ജർ പ്രകാരം നികുതി / നികുതിയേതര വരുമാനങ്ങളിൽ ഡിമാന്റ് രേഖപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമനം	ശീർഷകം	ഡിമാന്റ് എൻട്രി നടത്തിയ തീയതി
1	Property Tax - Residential	31.03.2024
2	Property Tax - Non Residential	31.03.2024
3	Profession Tax Institution	31.03.2024
4	License	31.03.2024
5	Rent From Building	31.03.2024

വർഷാരംഭത്തിൽ ഡിമാന്റ് എൻട്രികൾ നടത്താത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക്(10/26.11.2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല .

1-1-10 കുടിശ്ശിക തുകയ്ത്ത് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, വാടക ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി , നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 , കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എ)ച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (10/26.11.2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-11 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബി -4 ഷെഡ്യൂളിലെ ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബി- 17 ലെ ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ക്രമ നമ്പർ	ഹെഡ് കോഡ്	ബി 4 ലെ തുക	ബാങ്ക് അക്കൗണ്ട്	ബി -17 ലെ തുക
1	320100153-PYKA	68177	KGB - 40527100004321	70556

2	320300102 - Jalanidhi	5601322	Canara Bank-856101060236	1601143
3	320200104 & 320200113 - CFC Basic& Tied	18394615	KGB - 40527101040166	17690582

തുകയിലെ വ്യത്യാസം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (10/26.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) ഹെൽത്ത് ഗ്രാന്റ് , സി.എഫ്.സി, പൈക്ക, ജലനിധി എന്നിവ ഒഴികെ ബി 4 ൽ ഉൾപ്പെട്ടിട്ടുള്ള മറ്റ് ഗ്രാന്റുകൾ ഫണ്ടുകൾ എന്നിവ നിക്ഷേപിച്ച ബാങ്ക് അക്കൗണ്ടുകളിലെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. ട്രയൽ ബാലൻസ് പരിശോധിച്ചതിൽ കഴിഞ്ഞ വർഷത്തെ നീക്കിബാക്കി തന്നെയാണ് ഈ വർഷത്തേയും നീക്കിബാക്കി എന്ന് കാണുന്നു. ഈയിനങ്ങളുടെ പലിശ വരവ് ടി ഹെഡുകളിൽ ഉൾപ്പെടുത്തിയത്തിയതായി കാണുന്നില്ല. മേൽ പരാമർശിച്ച അപാകതകൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (10/26.11.2024) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-1-12 വാർഷിക കണക്കിലെ മറ്റ് അപാകതകൾ

1 .Sub Treasury Nadavayal - 799013000001047 എന്ന അക്കൗണ്ടിൽ RP -40(b) പ്രകാരം -12000/- രൂപയാണ് . തുക നെഗറ്റീവ് ആയതിന് വിശദീകരണം നൽകേണ്ടതാണ്.

2. സംയുക്ത പദ്ധതികൾക്ക് ലഭിച്ച തുക ബി 4 ൽ അവശേഷിക്കുന്നുണ്ട്. ടി തുകകൾ തിരിച്ചടയ്ക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്

3. ഗുണഭോക്തൃവിഹിതമിനത്തിൽ തൻവർഷം വെറ്ററിനറി സർജൻ ഒടുക്ക് വരുത്തിയ 746060/- രൂപ ചെലവഴിച്ചിട്ടും ബി 4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തുക കുറവ് വരുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ് . ടി ശീർഷകത്തിൽ മേൽ പരാമർശിച്ച തുക ഉൾപ്പെടെ 35,26,449/- രൂപ നീക്കിയിരിപ്പുണ്ട്. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. ബി-9 ൽ Recoveries Payable - Covid (350200119) എന്ന ശീർഷകത്തിൽ 830,421/- രൂപ നീക്കിയിരിപ്പുണ്ട്. തുക ബന്ധപ്പെട്ടവർക്ക് നൽകാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

5. ബി-9 ൽ Refund Of Unutilised Grants (350400999) എന്ന ശീർഷകത്തിൽ 106,139/- രൂപയുണ്ട്. തുകയുടെ വിശദാംശങ്ങളും തുക ഒടുക്ക് വരുത്താത്തതിനുള്ള കാരണവും വിശദീകരിക്കേണ്ടതാണ്.

6. ബി-18 ലെ തുകകളുടെ വിശദാംശങ്ങൾ സൂചിപ്പിക്കുന്ന അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ചുവടെ കൊടുക്കുന്ന നീക്കിബാക്കികളുടെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

അഡ്വാൻസ്	മുൻബാക്കി	തൻവർഷം നൽകിയത്	നീക്കിബാക്കി
Festival Advance - 460100101 -	31,000	2,19,000	46,000/-
Tour TA Advance - 460100103	17800	21000	38800
Temporary Advance For Official Purpose-460100103	-	187310	187310
Advance To Implementing Officers	-	460000	460000

7. ഐ.സി.ഡി.എസ് സൂപ്പർ വൈസറുടെ പേരിൽ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു. (കാനറാ ബാങ്ക് 0856101050647) 31.03.2024 ലെ നീക്കിയിരിപ്പ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല. അസി.എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലെ (0856101054773) 31.03.2024 നീക്കിയിരിപ്പ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.

8. കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ 2,00,000 രൂപ B-18 ന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (10/26.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.

വാർഷിക കണക്കിലെ മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

പനമരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ബഡ്ജറ്റ് 20-03-2023 ലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബഡ്ജറ്റ് 20.02.24 ലെ 1/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ഇപ്രകാരമാണ്.

വർഷം	2022-2023	
	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
തീരുമാനം നമ്പർ/തീയ്യതി	1/1, 20/03/2023	1/1, 20/02/2024
മുന്നിരിപ്പ്	3058816	28987810
വരവ്	679474000	551274000
ആകെ	682532816	580261810
ചെലവ്	678938000	575403000
നീക്കിയിരിപ്പ്	3594816	4858810

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	56995660
വരവ്	94809435
ആകെ	151805095
ചെലവ്	95766450
നീക്കിയിരിപ്പ്	56038645

1-4 ഫണ്ട് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നഷ്ടപ്പെട്ട/ നിക്കീയിരിപ്പുള്ള തുക
വികസന ഫണ്ട് -ജനറൽ	0	52306000	52306000	41381196	10924804
വികസന ഫണ്ട്- എസ്.സി.പി	0	2878000	2878000	2390677	487323
വികസന ഫണ്ട്- ടി.എസ്.പി	0	32889000	32889000	26149439	6739561
മെയിന്റനൻസ്, റോഡ്	0	37650650	37650650	7613876	30036774
മെയിന്റനൻസ്, നോൺ-റോഡ്	0	6717400	6717400	5918650	798750
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ടൈഡ്)	13993148	6496000	20489148	1609148	18880000
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)	4618136	8661000	13279136	1419973	11859163

കുറിപ്പ് - ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവും ചെലവും വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

സ്ഥാപനത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ജി.ഒ പ്രോജക്ട് പ്രകാരമുള്ള ചെലവ് ഉൾപ്പെടുത്തിയിട്ടുണ്ട്

എന്നാൽ വരവ് ഉൾപ്പെട്ടിട്ടില്ല.

1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളു ശതമാനം
462	428583865	147	125648483	315	31.68

നിർവ്വഹണ ഉദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയത്	ആകെ അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സെക്രട്ടറി	76	15	40864863	15663478	38.32
അസി.സെക്രട്ടറി	13	3	4885000	1805495	36.9
വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	26	16	187461800	45210300	24.1
കൃഷി ഓഫീസർ	11	9	13313687	9983886	74.9
വെറ്ററിനറിസർജൻ	8	7	10310000	4859580	47.13
ഐസി ഡി എസ് സൂപ്പർവൈസർ	10	6	17936000	9586028	54.3
മെഡിക്കൽ ഓഫീസർ പി എച്ച് സി/സി.എച്ച്.സി	6	2	4673494	974039	20.8
മെഡിക്കൽ ഓഫീസർ ഹോമിയോ	1	1	100000	100000	100
മെഡിക്കൽ ഓഫീസർ ആയുർവ്വേദം	3	3	2150000	2150000	100
ഹെഡ് മാസ്റ്റർ	11	10	8547716	6896098	80.06
അസി. എഞ്ചിനിയർ	294	72	133071235	23545509	17.69
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	500000	104000	20.8
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	4770070	4770070	100
	462	147	428583865	125648483	29.31

1-6 ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	1918652	1918652	1918045	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് മെറ്റീരിയൽ, സ്കിൽഡ് ലാബർ ഉൾപ്പടെ	0	117004955	117004955	117004955	0
ആകെ	0	118923607	118923607	118923000	0

പലിശയിനത്തിൽ വരവായി വന്ന ₹607/- രൂപ തിരിച്ചടവാക്കിയിട്ടുണ്ട്.

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	7134400	649
വിധവാ പെൻഷൻ	19998200	1947
വാർദ്ധക്യകാല പെൻഷൻ	32422300	3288
ഭിന്നശേഷി പെൻഷൻ	6439000	594

50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	579000	53
വിവാഹധനസഹായം	150000	3

1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2024ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 990/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും പദ്ധതിനിർവ്വഹണപ്രവർത്തനങ്ങളും ഫലപ്രദമായി കൊണ്ടുപോകുവാൻ മികച്ച ആഭ്യന്തര നിയന്ത്രണം അനിവാര്യമാണ്.
വയനാട് ജില്ലയിലെ 23 വാർഡുകളുള്ള വലിയ പഞ്ചായത്താണ് പനമരം ഗ്രാമപഞ്ചായത്ത്, എസ്.സി.എസ്.ററി ജനസംഖ്യ ഉൾപ്പെടെ വളരെ കൂടുതലാണ്.എല്ലാ മേഖലകളിലും സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ മനുഷ്യവിഭവശേഷി മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറവാണ്. ആയത് പരിശോധിക്കേണ്ടതാണ്. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്.കൃത്യമായ ജോലിവിഭജനത്തിലൂടെയും ,പ്രതിമാസ യോഗങ്ങളിലൂടെയും സെക്ഷനുകളിലെയും പദ്ധതിസംബന്ധിച്ചുമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങളും ജീവനക്കാർക്ക് ജോലിചെയ്യാൻ ആവശ്യമയ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തി നൽകിയും, ഓഫീസ് പ്രവർത്തനങ്ങളും, പദ്ധതി നടത്തിപ്പും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഫീസ് മീറ്റിംഗ് നടക്കുന്നുണ്ടെങ്കിലും തുടർ മോണിറ്ററിംഗ് സംവിധാനം ഫലപ്രദമല്ല.

ഓഡിറ്റ് കാലയളവിൽ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്ത ജീവനക്കാർ നിലവിൽ ആരും തന്നെ ഓഫീസിൽ ഇപ്പോൾ ജോലിയിൽ ഇല്ലാത്തതിനാൽ ഫയലുകൾ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പൂർണ്ണമായും സാധിച്ചിട്ടില്ല. സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തണം.

വാർഷിക കണക്കുമായി ബന്ധപ്പെട്ട പരിശോധനക്ക് ആവശ്യമായ രജിസ്റ്ററുകൾ ഒന്നും പൂർണ്ണമായും തയ്യാറാക്കിയിട്ടില്ല. ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവിധ വരവ് ചെലവുകളുടെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ, പത്രികകൾ എന്നിവ കൃത്യതയോടെ തയ്യാറാക്കിയിട്ടില്ല. പദ്ധതി പദ്ധതിയേതര ചെലവുകളുമായി ബന്ധപ്പെട്ട് വിനിയോഗിക്കുന്ന തുകയുടെ ഫണ്ട് വിവരങ്ങൾ, വൗച്ചർ നമ്പർ, ബിൽ നമ്പർ എന്നിവയുടെ വിവരങ്ങൾ ഫയലുകളിൽ ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാനുവലിലെ വ്യവസ്ഥകൾക്കുനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ കാര്യമായ യാതൊരു രേഖപ്പെടുത്തലുമില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചോ നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിനടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെയും, വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ് എന്നാൽ പ്രോജക്ട് ഫയലുകളിൽ ഒന്നിലും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	27/06/2022-29/06/2022	01/10/2021 - 31/03/2022	25/08/2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03/02/2017	2011-12 മുതൽ 2015-16	27/03/2017

1-11-1 തൊഴിൽ നികുതി-രേഖകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ചട്ടങ്ങൾ) 1996ലെ ചട്ടം 18(2) പ്രകാരം ഓരോ അർദ്ധ വർഷത്തെയും തൊഴിലാളികളുടെ/ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് വിവരങ്ങൾ ഉൾപ്പെടുത്തി 5ാം നമ്പർ ഫോറത്തിലുള്ള

രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്ററിൽ വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി വിവരങ്ങൾ, സ്ഥാപന തൊഴിൽ നികുതി വിവരങ്ങൾ എന്നിവയ്ക്ക് ക്രമപ്രകാരം സംക്ഷിപ്തം രേഖപ്പെടുത്തുകയോ, ആയതിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 04/22-11-2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, സ്ഥാപന തൊഴിൽ നികുതിയിൽ വാർഷിക കണക്ക് പ്രകാരം 67150 രൂപയും രജിസ്റ്റർ പ്രകാരം 64750 രൂപയും എന്ന വ്യത്യാസമുള്ളതിനാലാണ് തൊഴിൽ നികുതിയുടെ സംക്ഷിപ്തം രേഖപ്പെടുത്താത്തത് എന്ന് അറിയിച്ചിട്ടുണ്ട്. വാർഷിക കണക്കിലെ രേഖകളും രജിസ്റ്ററിലെ വിവരങ്ങളും തമ്മിൽ നിരന്തരം പൊരുത്തക്കേടുകൾ ഉണ്ടാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. മേൽ പരാമർശിത ഓഡിറ്റ് അന്വേഷണത്തിൽ ഉൾപ്പെടെ പ്രസ്തുത വിഷയം ഓഡിറ്റ് ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതുമാണ്. വാർഷിക കണക്കുകളും, ബന്ധപ്പെട്ട രജിസ്റ്ററിലെ കണക്കുകളും തമ്മിൽ വൈരുദ്ധ്യങ്ങൾ ഉണ്ടെങ്കിൽ, അതത് വർഷത്തെ ഓഡിറ്റിന് മുൻപായി ഗ്രാമപഞ്ചായത്ത് അവ പരിഹരിക്കേണ്ടതും ഓഡിറ്റ് സമയത്ത് കൃത്യമായ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

1-11-2 തൊഴിൽ നികുതി രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്ററിലെ സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരം തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1. സപ്ലൈക്കോ നടവയൽ
2. റീജിയണൽ കമ്പ്യൂട്ടർ സെന്റർ പനമരം
3. ടോഡി ഷോപ്പ് നീർവാരം
4. അർബൻ കെയർ മൾട്ടി സ്റ്റേറ്റ് അഗ്രോ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 4/22-11-2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-11-3 ട്രേഡ് ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ ചട്ടം4 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.
ട്രേഡ് ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു എന്നത് വ്യക്തമാണ്. എന്നാൽ, പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായിട്ടില്ല.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം	ലൈസൻസ് നം
1	ശ്രീ ഹിജാസ് എന്നവരുടെ കോഫി പ്രോസസ്സിംഗ് യൂണിറ്റ്	6	ലഭ്യമല്ല
2	ബയോറിഥം അഗ്രോ റിസർച്ച്	5	ബി3-523/2020
3	വയനാട് വില്ലേജ് ഇൻ	3	ജെസി1-303/2023
4	പി.വി.എസ് അറക്ക മിൽ	4	ലഭ്യമല്ല
5	ശ്രീ ബിസർ എന്നവരുടെ അനിമൽ സ്കിൻ പ്രോസസ്സിംഗ് യൂണിറ്റ്	3	ലഭ്യമല്ല

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെട്ട് നൽകിയ 06/25-11-2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, മേൽ സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി- രേഖകളുടെ സൂക്ഷിപ്പിലും ഡിമാന്റിലും അപാകതകൾ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രേഖകളുടെ സൂക്ഷിപ്പും, തൊഴിൽ നികുതി ഡിമാന്റും സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1-12-1 സ്ഥാപനങ്ങൾ ട്രേഡ് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും മറ്റ് സംരംഭങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതൊരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്വെയറിലെ ഡാറ്റ പ്രകാരം ഓഡിറ്റ് സമയത്ത് ഗ്രാമപഞ്ചായത്തിൽ താഴെ പറയും പ്രകാരമാണ് കെട്ടിടങ്ങളുടെ എണ്ണമുള്ളത്.

ക്രമ നം.	കെട്ടിടത്തിന്റെ ഉപയോഗ ക്രമം	എണ്ണം
1	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരേ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	2333

2	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ	547
3	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരേ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	10
4	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	450
5	വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ , കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ	32
6	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ	89
7	ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ	48
8	വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ്	126
9	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ	47
10	റിസോർട്ടുകൾ	37
11	സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ	43
ആകെ		3762

എന്നാൽ ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം 705 കെട്ടിടങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്വെയറിലെ ഡാറ്റ പ്രകാരം നാളിതുവരെ 769 കെട്ടിടങ്ങൾ പൊളിച്ച് നീക്കിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളുടെ എണ്ണം കുറവ് ചെയ്താൽ പോലും നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 2993 കെട്ടിടങ്ങളെങ്കിലും ലൈസൻസ് നേടേണ്ട ആവശ്യങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നുണ്ട്. ഒന്നിലേറെ മുറികളിൽ പ്രവർത്തിക്കുന്ന റിസോർട്ടുകളുടെയും, നാമമാത്രമായ മറ്റ് സ്ഥാപനങ്ങളുടെയും എണ്ണവും ഗ്രാമപഞ്ചായത്തിൽ നിന്ന് നികുതിയിളവ് നേടാത്ത ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും പരിഗണിച്ചാലും 705 സ്ഥാപനങ്ങൾ മാത്രമേ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുള്ളു എന്നത് വിശ്വസനീയമല്ല. മേൽ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി താഴെ പറയുന്ന വിഷയങ്ങളിൽ, 6/25-11-2024 നമ്പർ ഓഡിറ്റ് അന്വഷണത്തിൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

ലൈസൻസ് നേടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് എന്തെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 23 വാർഡുകളിലായി 811 വ്യാപാരി വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളതായും, സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം 3762 കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഏതാനും സ്ഥാപനങ്ങൾ രണ്ടോ അതിൽ കൂടുതലോ മുറികളിലായി കച്ചവടം ചെയ്യുന്നതിനാലാണ് ലൈസൻസ് നേടിയ സ്ഥാപനങ്ങളുടെ എണ്ണത്തിൽ കുറവ് ഉണ്ടായിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ, 811 വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് അവകാശപ്പെടുമ്പോഴും, ട്രേഡ് ലൈസൻസ് രജിസ്റ്റർ പ്രകാരം 705 സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ഫീ ഈടാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ശേഷിക്കുന്ന 106 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതിന് കാരണം അറിയിക്കേണ്ടതാണ്. ലൈസൻസ് എടുക്കാൻ അവശേഷിക്കുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകാൻ വേണ്ടുന്ന നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

1-12-2 ലൈസൻസ് ഫീ ഈടാക്കുന്നതിന് കൃത്യമായ മാനദണ്ഡം ഇല്ല

വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക GO(P) No.80/2017/ LSGD നമ്പർ ഗസറ്റ് വിജ്ഞാപനം മുഖേന ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

ക്രമ നമ്പർ		വാർഷിക അടിസ്ഥാനത്തിൽ ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീ
1	മൈക്രോ എന്റർപ്രൈസസ്	500/-
2	മിനി എന്റർപ്രൈസസ്	1,000/-
3	സ്മാൾ എന്റർപ്രൈസസ്	5,000/-
4	മീഡിയം എന്റർപ്രൈസസ്	10,000/-
5	ലാർജ്ജ് എന്റർപ്രൈസസ്	15,000/-

കൃത്യമായ മാനദണ്ഡം ഇല്ലാതെ ലൈസൻസ് ഫീ ഈടാക്കി വരുന്നതായി കാണുന്നു. ഉദാഹരണം ചുവടെ

ചേർക്കുന്നു,

ലൈസൻസ് നം	സ്ഥാപനം	ലൈസൻസ് ഫീ
ബി3-523/2020	ബയോ റിഥം അഗ്രോ റിസർച്ച്	2000
ജെ.സി1-333/2022	കേരള സ്റ്റേറ്റ് ബീവറേജസ് കോർപറേഷൻ പനമരം	4000
ലഭ്യമല്ല	സൂര്യ ബ്രിക്സ്(സിമന്റ് കട്ട നിർമ്മാണം)	2000
ജെ.സി1-531/2023	മലബാർ വുഡ് ഇൻഡസ്ട്രീസ്	4000
ജെസി1-586/2022	മൗണ്ടൻ പോണ്ട്സ്, മലങ്കര (റിസോർട്ട്)	4000
ജെസി1-303/2023	വയനാട് വില്ലജ് ഇൻ (റിസോർട്ട്)	11500
ജെസി3-7761/2023	ലൈബ മെഡിക്കൽ സെന്റർ	4000

ട്രേഡ് ലൈസൻസ് രജിസ്റ്റർ, ലൈസൻസ് ഫയലുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും മേൽ പ്രകാരം ലൈസൻസ് ഫീ നിർണ്ണയിച്ച് ഈടാക്കിയതിന് കൃത്യമായ ഒരു മാനദണ്ഡം ഉള്ളതായി കാണാൻ കഴിഞ്ഞിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി, ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിന് ഒരു ഏകീകൃത സംവിധാനം രൂപീകരിക്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ഇതിനകം നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 06/25-11-2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, GO(P) No.80/2017/LSGD നമ്പർ ഗസറ്റ് വിജ്ഞാപനം മുഖേന വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നത് സംബന്ധിച്ച് നാളിതുവരെ ഭരണസമിതി തീരുമാനം എടുക്കാത്തതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) 1996 ചട്ടം 7ലെ പട്ടിക 2 പ്രകാരമുള്ള ഫീ ആണ് ഈടാക്കി വരുന്നത് എന്നും, ഏറ്റവും അടുത്ത പഞ്ചായത്ത് ഭരണസമിതി യോഗത്തിൽ മേൽ വിഷയം ചർച്ച ചെയ്ത് ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിന് ഒരു ഏകീകൃത സംവിധാനം രൂപീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.
2017 മുതൽ പ്രാബല്യത്തിലുള്ള GO(P) No.80/2017/LSGD നമ്പർ ഗസറ്റ് വിജ്ഞാപനം നാളിതുവരെ ഗ്രാമപഞ്ചായത്തിൽ നടപ്പായിട്ടില്ലാത്ത സാഹചര്യത്തിൽ, എത്രയും വേഗം ലൈസൻസ് ഫീ പുനർ നിർണ്ണയിച്ച്, ആയതിന്റെ ഭരണ സമിതി തീരുമാനം ഉൾപ്പെടെ ലഭ്യമാക്കേണ്ടതാണ്.

1-12 ലൈസൻസ് അനുവദിക്കുന്നതിലും,ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിലും അപാകത

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിലും, ലൈസൻസ് ഫീ നിർണ്ണയിക്കുന്നതിലുമുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1-13 കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലമുള്ള നഷ്ടം

2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു
ചുവടെ ചേർത്ത 100ച.മീ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നിലവിൽ 100ച.മീ കുറവുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ചുമത്തിയിട്ടുണ്ട്.
1) ശ്രീ.ആന്ദ്രു,മറിയം എന്നവരുടെ ഉടമസ്ഥതയിലുള്ള 12/629 A മുതൽ Qനമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിന് 2018-19 സാമ്പത്തിക വർഷം മുതൽ നികുതി നിർണയിച്ചത് ചുവടെ ചേർക്കുന്നു.

ക്രമനം	കെട്ടിടനമ്പർ	വിസ്തീർണ്ണം ച.മീ	പഞ്ചായത്ത് കണക്കാക്കിയ നികുതി (അസ്സസ് മെന്റ് രജിസ്റ്റർ പ്രകാരം 50രൂപ നിരക്ക്+ 20% വർദ്ധനവ് വഴി സൗകര്യം)	കണക്കാക്കേണ്ടിയിരുന്ന നികുതി (ച.മീ.ന് 60 രൂപ നിരക്ക് +20% വർദ്ധനവ് വഴി സൗകര്യം	കുറവ്

			വസ്തു നികുതി	ലൈബ്രറി സെസ്	വസ്തു നികുതി	ലൈബ്രറി സെസ്	വസ്തു നികുതി	ലൈബ്രറി സെസ്
1	12/629/A	16.1	966	49	1160	58	194	9
2	12/629/B	16.1	966	49	1160	58	194	9
3	12/629/C	16.1	966	49	1160	58	194	9
4	12/629/D	16.1	966	49	1160	58	194	9
5	12/629/E	16.1	966	49	1160	58	194	9
6	12/629/F	16.1	966	49	1160	58	194	9
7	12/629/G	29.9	1794	90	2153	108	359	18
8	12/629/H	29.9	1794	90	2153	108	359	18
9	12/629/I	29.9	1794	90	2153	108	359	18
10	12/629/J	29.9	1794	90	2153	108	359	18
11	12/629/K	29.9	1794	90	2153	108	359	18
12	12/629/L	29.9	1794	90	2153	108	359	18
13	12/629/M	31.5	1890	95	2268	114	378	19
14	12/629/N	31.5	1890	95	2268	114	378	19
15	12/629/O	31.5	1890	95	2268	114	378	19
16	2/629/P	31.5	1890	95	2268	114	378	19
17	12/629/Q	31.5	1890	95	2268	114	378	19
ആകെ		433.5	26010	1309	31218	1566	5208	257

നികുതി നിർണ്ണയിച്ചതിലെ അപാകം കാരണം പഞ്ചായത്തിന് 5,208 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.
മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/22.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിട നികുതി പരിഷ്കരിച്ച് കംപ്ലീഷൻ നൽകിയ തീയതി മുതൽ നാളിതുവരെ അധിക നികുതിയിനത്തിൽ അടവാക്കാനുള്ള തുക (2023 ഏപ്രിൽ 1 മുതൽ കെട്ടിടനികുതിയിനത്തിലുള്ള വർദ്ധനവ് കൂടി കണക്കിലെടുത്ത്) ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത്തരത്തിൽ വസ്തുനികുതി തെറ്റായി നിർണ്ണയിച്ച കെട്ടിടങ്ങളുണ്ടോയെന്ന് പരിശോധിക്കേണ്ടതും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-14 പുതിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി പഴയ നിരക്കിൽ നിർണയിച്ചത് മൂലം നികുതി നഷ്ടം സംഭവിച്ചിട്ടുണ്ട്

22.03.2023 ലെ സ.ഉ.(കൈ) നം.77/2023/LSGD ഉത്തരവ് പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം, 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5% വർദ്ധനവും, 01.04.2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് നിർദ്ദേശിയ്ക്കപ്പെട്ടിട്ടുള്ളത്. സ.ഉ.(അച്ചടി) നം.25/2023/LSGD/05.04.2023 നം. ഉത്തരവിലെ നിരക്കുകൾ പ്രകാരം, ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 11/1 01.12.2023 നം. തീരുമാനം പ്രകാരം നികുതി നിരക്കുകൾ അന്തിമമായി വിജ്ഞാപനം (നം. SC3/3972/2023/02.12.2023) ചെയ്തിട്ടുണ്ട്. എന്നാൽ, 2023-24 സഞ്ചയ പ്രകാരം 01.04.2023 -ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട വിവിധ കെട്ടിടങ്ങൾക്ക് പുതിയ നികുതി നിരക്ക് ബാധകമാക്കിയിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.
വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന 60/- രൂപയിൽ നിന്ന് 80/- രൂപ നിരക്കിൽ പുതുക്കിയ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, പരിഷ്ക്കരിച്ച നികുതി നിരക്ക് ബാധകമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്/ കെട്ടിട നം.	ആകെ വിസ്തീർണം	നികുതി നിർണ്ണയിക്കപ്പെട്ട തീയതി	പഞ്ചായത്ത് കണക്കാക്കിയ നികുതി (അസ്സസ് മെന്റ് രജിസ്റ്റർ പ്രകാരം 60രൂപ നിരക്ക്+ 20% വർദ്ധനവ് വഴി സൗകര്യം)	കണക്കാക്കേണ്ടിയിരുന്ന നികുതി (ച.മീ.ന് 80 രൂപ നിരക്ക് +20% വർദ്ധനവ് വഴി സൗകര്യം	വ്യത്യാസം
1	21/294 A To H	21.83 * 8 = 174.64	08/07/23	12575	16766	4191
2	17/93 B To E	125.11	13/06/23	9008	12011	3003
3	12/931 A,B	176.55	15/05/23	12712	16949	4237
4	22/256 K To N	109.1	20/10/23	7856	10474	2618
5	12/1066 A To E	155	21/10/24	11160	14880	3720

ആകെ വ്യത്യാസം		17769

വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ താഴെ തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന 50/- രൂപയിൽ നിന്ന് 70/- രൂപ നിരക്കിൽ പുതുക്കിയ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, പരിഷ്ക്കരിച്ച നികുതി നിരക്ക് ബാധകമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്/ കെട്ടിട നം.	ആകെ വിസ്തീർണം	നികുതി നിർണ്ണയിക്കപ്പെട്ട തീയതി	പഞ്ചായത്ത് കണക്കാക്കിയ നികുതി (അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം 50രൂപ നിരക്ക്)	കണക്കാക്കേണ്ടിയിരുന്ന നികുതി (ച.മീ.ന് 70 രൂപ നിരക്ക്)	വ്യത്യാസം
1	4/30 A To C	51.93	08/07/23	2856 (20% വർദ്ധനവ് വഴി സൗകര്യം+10% കിഴിവ് മേഖല സൗകര്യം ഉൾപ്പെടെ)	3999(20% വർദ്ധനവ് വഴി സൗകര്യം+10% കിഴിവ് മേഖല സൗകര്യം ഉൾപ്പെടെ)	1143
2	18/255 H	97.76	06/06/23	5866 (20% വർദ്ധനവ് ഉൾപ്പെടെ)	8212(20% വർദ്ധനവ് ഉൾപ്പെടെ)	2346
3	8/349 H,J,G	49.98	21/07/23	2999 (20% വർദ്ധനവ് ഉൾപ്പെടെ)	4199(20% വർദ്ധനവ് ഉൾപ്പെടെ)	1203
ആകെ						4692

പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് നിലവിലുണ്ടായിരുന്ന 6/- രൂപയിൽ നിന്ന് 8/- രൂപ നിരക്കിൽ പുതുക്കിയ നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിലും, പരിഷ്ക്കരിച്ച നികുതി നിരക്ക് ബാധകമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാർഡ്/ കെട്ടിട നം.	വിസ്തീർണം (M2)	ഒക്യുപൻസി	നികുതി നിർണ്ണയിക്കപ്പെട്ട തീയതി	₹6/- രൂപയിൽ നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി	₹8/- രൂപയിൽ നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി	വ്യത്യാസം
1	20/335 C	146.61	പാർപ്പിടം	24/08/23	880	1173	293
2	19/424 B	85.64	പാർപ്പിടം	10/09/23	514	685	171
3	15/184 E	222.25	പാർപ്പിടം	07/07/23	1333.5	1778	444.5
4	3/130 A	212	പാർപ്പിടം	29/05/23	1272	1696	424
5	3/267 C	139.28	പാർപ്പിടം	3/12/23	835	1114	279
6	10/1004 A	150	പാർപ്പിടം	18/10/23	900	1200	300
7	12/193 B	131.77	പാർപ്പിടം	10/04/23	790	1054	264
8	21/65 A	115.68	പാർപ്പിടം	25/5/23	694	925	231
9	5/345 A	127.35	പാർപ്പിടം	2/8/23	764	1018	254
10	17/322 A	253.4	പാർപ്പിടം	2/08/23	1520	2027	507
11	4/340 A	186.66	പാർപ്പിടം	21/07/23	1120	1493	373
12	2/525 A	106.01	പാർപ്പിടം	22/6/23	636	848	212
13	23/361 A	182.54	പാർപ്പിടം	3/10/23	1095	1460	365
14	9/396 C	100.58	പാർപ്പിടം	1/09/23	603	804	201
ആകെ							4318.5

പരിഷ്ക്കരിച്ച നികുതി നിരക്ക് ബാധകമാകാത്തതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/22.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. 2023-24 സഞ്ചയ പ്രകാരം 01.04.2023 -ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട വിവിധ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിരക്ക് പ്രകാരം വസ്തു നികുതി ഈടാക്കത്തതിനാൽ ചുവടെ കൊടുക്കും പ്രകാരം വരവിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്

ക്രമനം	ഉപയോഗക്രമം	വരവിനത്തിൽ നഷ്ടം
1	വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ളവ	17769
2	വാണിജ്യാവശ്യത്തിനുള്ളവ 100ച.മീറ്റർ താഴെ തറ വിസ്തീർണ്ണമുള്ളവ	4692
3	പാർപ്പിടാവശ്യത്തിനുള്ളവ	4318.5
ആകെ		20779.5

വരവിനത്തിൽ വന്ന നഷ്ടം കെട്ടിട ഉടമസ്ഥനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഈടാക്കാത്തപക്ഷം ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണ്.കൂടാതെ 01.04.2023 മുതൽ പ്രാബല്യത്തിൽ വന്ന എല്ലാ കെട്ടിടങ്ങൾക്കും വസ്തു നികുതി പരിഷ്കരണം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഇല്ലെങ്കിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതും, അപാകത സ്ഥിരീകരിക്കുന്നപക്ഷം നികുതി പുനർനിർണ്ണയിച്ച് തുക ഈടാക്കി വിവരമറിയിക്കേണ്ടതുമാണ്.

1-15-1 ടർഫിന്റെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടി സ്വീകരിച്ചില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ ഏതൊരു വ്യക്തിയും കെട്ടിടം നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ വിപുലീകരിക്കുകയോ മാറ്റം വരുത്തുകയോ ചെയ്യാൻ പാടില്ലാത്തതാണ്. പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള നിർമ്മാണമോ പുനർ നിർമ്മാണമോ കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള അപേക്ഷാ ഫീസും രാജിയാക്കൽ ഫീസും ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സംശയ നിവാരണത്തിനായി നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ തദ്ദേശ സ്വയംഭരണ പ്ലാനിങ് വിഭാഗം പുറത്തിറക്കിയ കൈപുസ്തകത്തിലെ ഖണ്ഡിക 1.37 ൽ (പേജ്-16) ടർഫുകളുടെ നിർമ്മാണത്തിനും പഞ്ചായത്തിന്റെ നിർമ്മാണാനുമതി/പെർമിറ്റ് ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'ഫിറ്റ് കാസാ' എന്ന പേരിലുള്ള ടർഫിന്റെ നിർമ്മാണം പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണാനുമതി അഥവാ പെർമിറ്റ് നേടാതെ ആണ് നടത്തിയത്. പ്രസ്തുത കെട്ടിടത്തിന്റെ വിവര ശേഖരണം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷത്തിന് (08/25.11.2024) ലഭ്യമാക്കിയ മറുപടിയിൽ പെർമിറ്റ് ഇല്ലാതെയാണ് ടർഫ് പ്രവർത്തിക്കുന്നത് വ്യക്തമാക്കിയിട്ടുണ്ട്. അനധികൃതമായി നിർമ്മാണം നടത്തി പ്രവർത്തനം ആരംഭിച്ച ടി ടർഫിന് 2790 ച.മീറ്റർ തറവിസ്തീർണ്ണം ഉള്ളതായി മേൽ ഓഡിറ്റ് അന്വേഷണ കുറിപ്പിൽ ആവശ്യപ്പെട്ടതനുസരിച്ച് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം സ്ഥല പരിശോധന നടത്തി ലഭ്യമാക്കിയിട്ടുണ്ട്.

ടർഫിന്റെ നിർമ്മിതി കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയ ടി ടർഫിന്റെ ഉടമസ്ഥന് നോട്ടീസ് നൽകി 30.07.2024 ലെ സ.ഉ(കൈ) നം.97/2024/ത.സ്വ.ഭ.വ ഉത്തരവിലെ നിരക്കിന് അനുസ്യൂതമായി 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 94 പ്രകാരം അപേക്ഷാ ഫീസും, ചട്ടം 95(4) ഇവ പ്രകാരം, പെർമിറ്റ് ഫീസിന് ഇരട്ടിയുള്ള തുക രാജിയാക്കൽ ഫീസായും ഈടാക്കി കെട്ടിടം ക്രമവൽക്കരിക്കാവുന്നതാണ്. ഇങ്ങനെ ക്രമവൽകരണത്തിന് നോട്ടീസ് നൽകി നിയമാനുസ്രതമായ അപേക്ഷാ ഫീസും രാജിയാക്കൽ ഫീസും ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടെന്നിരിക്കെ അതിനുള്ള നിയമാനുസ്യതമായ നടപടികൾ ഇതു വരെ സ്വീകരിച്ചിട്ടില്ല. നിയമ വിരുദ്ധമായാണ് നിർമ്മാണം നടത്തിയിട്ടുള്ളതെങ്കിൽ ആയത് പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ ടർഫ് കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതാണെങ്കിൽ പൊളിച്ച് മാറ്റുകയോ അല്ലെങ്കിൽ പെർമിറ്റ് ഫീസിന് ഇരട്ടിയുള്ള തുക രാജിയാക്കൽ ഫീസായും ഈടാക്കി കെട്ടിടം ക്രമവൽക്കരിക്കുകയോ ചെയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
പഞ്ചായത്ത് പരിധിയിൽ പഞ്ചായത്തിന്റെ അനുമതിയില്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഫീൽഡ് അന്വേഷണത്തിലൂടെ കണ്ടെത്തി നടപടി സ്വീകരിക്കുക എന്നത് പഞ്ചായത്തിന്റെ ചുമതലയാണ്. ഫീൽഡ് അന്വേഷണം നടത്തി അനധികൃത കെട്ടിട നിർമ്മാണം തടയുന്ന നടപടി കാര്യക്ഷമം ആക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി നടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-15-2 ടർഫിന് വസ്തു നികുതി ഈടാക്കാത്തകിനാൽ 3,76,650/- രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്

കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ സെക്ഷൻ 235AA പ്രകാരം അനധികൃതമായി നിർമ്മിച്ച ഭാഗം പൊളിച്ചുമാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നതു വരെ കെട്ടിടത്തിന് പ്രത്യേക നമ്പർ കൊടുക്കേണ്ടതും, കെട്ടിടം നിയമാനുസ്യതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതുമാണ്.

പനമരം ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയുടെ 11/1 01.12.2023 നം. തീരുമാനം പ്രകാരം നികുതി നിരക്കുകൾ അന്തിമ വിജ്ഞാപനത്തിൽ (നം. SC3/3972/2023/02.12.2023) ടർഫ് കോർട്ടിന് ഏർപ്പെടുത്തിയ നികുതി നിരക്ക് ഒരു മീറ്റർ സ്കയറിന് 45 രൂപയായി നിശ്ചയിച്ചിട്ടുണ്ട്.
പെർമിറ്റ് നേടാതെ പ്രവർത്തിക്കുന്ന 'ഫിറ്റ് കാസാ' എന്ന പേരിലുള്ള ടർഫ് കോർട്ടിൽ നിന്നും നാളിതു വരെ വസ്തു നികുതി ഈടാക്കാത്തതിനാൽ ചുവടെ കൊടുക്കും പ്രകാരം നഷ്ടം സംഭവിച്ചിട്ടുണ്ട്.

നിർമ്മിതിയുടെ(ടർഫ്) തറ വിസ്തീർണ്ണം	2790 ച.മീ.
വസ്തു നികുതി നിരക്ക്	45 ച.മീ.
ഈടാക്കേണ്ട വസ്തു നികുതി {3*(2790* 45)}	**3,76,650/-**

ടർഫിന്റെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 പെർമിറ്റ് എടുക്കാതെ പഞ്ചായത്തിൽ ടർഫ് പ്രവർത്തിക്കുന്നു

പഞ്ചായത്തിലെ 10 -ാം വാർഡിൽ 'ഫിറ്റ് കാസാ' എന്ന പേരിലുള്ള ടർഫ് പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണാനുമതി ഇല്ലാതെ നിയമ വിരുദ്ധമായി നിർമ്മിച്ചിട്ടുള്ളതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1-16 പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല

2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
1) 2019- ലെ കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സെക്രട്ടറിയിൽ നിന്നും ആദ്യമേ കെട്ടിടനിർമ്മാണ അനുമതി ലഭിക്കാതെയും, കൂറഞ്ഞ അപകടസാധ്യതയുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ സെക്രട്ടറിയിൽ നിന്നുള്ള അനുമതിയായി കണക്കാക്കാവുന്ന കൈപ്പറ്റ് രസീത് ലഭിക്കാതെയും ഏതൊരു വ്യക്തിയും കെട്ടിട നിർമ്മാണം നടത്തുകയോ പുനർനിർമ്മിക്കുകയോ കൂട്ടിച്ചേർക്കുകയോ, വിപുലീകരിക്കുകയോ, മാറ്റം വരുത്തുകയോ പാടില്ലാത്തതാണ്. ചട്ടം 5(1)(ബി) പ്രകാരം അനുമതിയ്ക്കായി അപ്പന്റിക്സ് A1 ലുള്ള സ്വയം സാക്ഷ്യപ്പെടുത്തലും ചട്ടം19എ യിൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ സഹിതം സെക്രട്ടറി മുമ്പാകെ ഫയൽ ചെയ്യേണ്ടതും, അപ്രകാരം ലഭിച്ച അപേക്ഷകളിൽ അപാകങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ 10 ദിവസത്തിനകം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. ചട്ടം 9, 12 പ്രകാരം അപാകങ്ങൾ പരിഹരിച്ച് രേഖകൾ ലഭ്യമായി കഴിഞ്ഞാൽ 15 ദിവസത്തിനകം അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതും, അംഗീകരിച്ചാൽ അപ്പന്റിക്സ് J2 വിലേതു പോലെ സൈറ്റ് പ്ലാൻ സാക്ഷ്യപ്പെടുത്തി അപ്പന്റിക്സ് B2 പ്രകാരം ഷെഡ്യൂൾ 11 പ്രകാരമുള്ള പെർമിറ്റ് ഫീസ് ഒടുക്കി പെർമിറ്റ് നൽകേണ്ടതുമാണ്. 2023-24 ലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പെർമിറ്റ് നൽകിയിട്ടില്ലാത്ത പെർമിറ്റ് അപേക്ഷകരെ അപാകതകൾ സംബന്ധിച്ച് രേഖാമൂലം അറിയിച്ചതായി രേഖപ്പെടുത്തിയിട്ടില്ല.

ക്രമ നം.	അപേക്ഷ നം. തീയതി	ഫയൽ എഞ്ചിനീയറിംഗ് സെക്ഷന് കൈമാറിയ തീയതി	മടങ്ങി വന്ന തീയതി	ഫയൽ റെക്ടിഫിക്കേഷന് വേണ്ടി അപേക്ഷന് അയച്ച തീയതി	പെർമിറ്റ് അനുവദിച്ച തീയതി
1	7090/23 24.07.23	25/07/23	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	17.10.23
2	7188/23 27.07.23	29/07/23	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	08.12.23
3	7373/23 02.08.23	03/08/23	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	01/11/23
4	9300/23 21.10.23	25/10/23	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	19/12/23
5	9481/23 28.10.23	30/10/23	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	29/12/23
6	48/24 04/01/24	04/01/24	രേഖപ്പെടുത്തിയിട്ടില്ല	രേഖപ്പെടുത്തിയിട്ടില്ല	20/07/24

2) രജിസ്റ്ററിൽ പെർമിറ്റ് അനുവദിച്ച അപേക്ഷകളുടെ, ഈടാക്കിയ പെർമിറ്റ് ഫീസ് രേഖപ്പെടുത്താതതിനാൽ കെട്ടിടത്തിന്റെ പെർമിറ്റ് ഫീസ് ഈടാക്കിയത് കൃത്യമായിട്ടാണോ എന്നുറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.ആയതിനാൽ പെർമിറ്റ് രജിസ്റ്ററിൽ എഴുതിയ സംക്ഷിപ്തവും വാർഷിക ധനകാര്യ പത്രകയിലെ തുകയും തമ്മിലുള്ള കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വഷണത്തിന് (9/26.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പെർമിറ്റ് രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് രജിസ്റ്റർ പൂർണമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-17 വാടക ഡിമാൻഡ് ചെയ്തത്തിലെ അപാകതകൾ

പനമരം ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് വാടകയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1. 2022-23 സാമ്പത്തിക വർഷത്തെ വാടക ഡിമാൻഡിൽ ഉൾപ്പെട്ട ഏതാനും വ്യക്തികളിൽ നിന്നും 2023-24 സാമ്പത്തിക വർഷം വാടക ഡിമാൻഡ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. പ്രസ്തുത വ്യക്തികൾ വാടക ഒടുക്കി ഉപയോഗിച്ചിരുന്ന, ചുവടെ ചേർക്കുന്ന കെട്ടിടങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

ക്രമ നം	**കെട്ടിട നമ്പർ**	**2022-23ലെ വാടകക്കാരന്റെ പേര്**	**2022-23ലെ മാസ വാടക**	**ആകെ വാടക**
1	10/13	കെ.അബ്ദുൾ റഹിമാൻ	2,217/-	26,604/- (12 മാസം)

2	10/4(11/7 Old)	പി.സുനിൽകുമാർ	1,719/-	20,628/- (12 മാസം)
3	12/583(11/1109A)	ബാപ്പുട്ടി	6,377/-	57,393/- (9 മാസം)

2. Building No: 10/482(11/360) ഉപയോഗിച്ച് വരുന്ന ശ്രുതി ഭക്ഷ്യ സംസ്കരണ യൂണിറ്റ് 2024 മാർച്ച് മാസത്തിലെ വാടക തുകയായ 1552 രൂപ അടവാക്കിയിട്ടില്ല. ആയത് ഈടാക്കാനുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.
3. ശ്രീ അബ്ദുൾ ഹമീദ് എന്നവർ ഉപയോഗിച്ചു വരുന്ന കെട്ടിട നം: 10/483C ക്ക് മാസം 9,650/- രൂപ നിരക്കിൽ 2023 സെപ്റ്റംബർ വരെ മാത്രമേ വാടക ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടുള്ളു. ശേഷിക്കുന്ന 6 മാസങ്ങളിൽ വാടക ഡിമാൻഡ് ചെയ്യാത്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല.
മേൽ അപാകതകൾ സംബന്ധിച്ച 07/25-11-2024 നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് മറുപടി ലഭ്യമായിട്ടില്ല. ബന്ധപ്പെട്ട രേഖകൾ സഹിതം അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ഈടാക്കാൻ ബാക്കിയുള്ള വാടക ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-18 ആംബുലൻസ് വാടക- കുടിശ്ശിക ഒടുക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-72D-2461 നമ്പർ ആംബുലൻസ് വാടകക്ക് നൽകിയ ഇനത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ 3,87,000/- രൂപ വരവുള്ളതായി കാണുന്നു. വാർഷിക കണക്കിൽ ഡിമാൻഡും കളക്ഷനും (150400101- Hire Charges Of Ambulances) മേൽ തുക തന്നെയാണ്. 2023-24 വർഷത്തെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും, തൻവർഷം ആംബുലൻസ് വാടകയിനത്തിൽ 2,86,500 രൂപ (വൗച്ചർ നം:450210102) പനമരം CHC യിൽ നിന്നും ലഭിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു. കൂടാതെ, പൊതുജനത്തിൽ നിന്നും, പനമരം ട്രൈബൽ ഡവലപ്മെന്റ് ഓഫീസറിൽ നിന്നുമായി 1,00,500 രൂപയും ലഭിച്ചിട്ടുണ്ട്(2,86,500+1,00,500=3,87,000). മേൽ വരവുമായി ബന്ധപ്പെട്ട പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.
1) ആംബുലൻസ് ഡ്രൈവർ സമർപ്പിച്ച ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ ദിവസവാടക 1500 രൂപ നിരക്കിൽ പനമരം CHC യിൽ നിന്നും ചുവടെ ചേർക്കും പ്രകാരം ഡിമാൻഡ് ചെയ്തിട്ടുള്ളതിന്റെ ഫയൽ കുറിപ്പുകളും കത്തിടപാടുകളും ബന്ധപ്പെട്ട ഫയലിൽ ലഭ്യമാണ്. മേൽ ഫയലിലെ വിവരങ്ങൾ പ്രകാരം, പനമരം CHC യിലെ മെഡിക്കൽ ഓഫീസർക്ക് 29.02.24ന് നൽകിയിട്ടുള്ള കത്തിൽ ചുവടെ ചേർക്കും പ്രകാരം ആംബുലൻസിന്റെ വാടക ഡിമാൻഡ് ചെയ്തിട്ടുണ്ട്.

വർഷം	**തുക**
2022-23	2,88,000
2023-24	2,56,500
ആകെ	5,44,500

പനമരം CHC യിലെ മെഡിക്കൽ ഓഫീസർക്ക് 29.02.24ന് നൽകിയിട്ടുള്ള കത്ത് പ്രകാരം 5,44,500 രൂപ ഡിമാൻഡ് ചെയ്തിട്ടുണ്ടെങ്കിലും 2,86,500 രൂപ മാത്രമാണ് ആംബുലൻസ് വാടകയായി മേൽ സ്ഥാപനത്തിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 2,58,000 രൂപ ഈടാക്കുന്നതിനായി പിന്നീട് (29.02.2024ന് ശേഷം) നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 14/2023-24/26-11-2024 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ, മേൽ തുക അടിയന്തിരമായി അടവാക്കാൻ ആവശ്യപ്പെട്ട് 29/11/2024 തീയതിയിൽ മെഡിക്കൽ ഓഫീസർ(CHC)ക്ക് കത്ത് നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) മേൽ സ്ഥാപനത്തിന് പുറമേ, TDO യിൽ നിന്നും, പൊതുജനത്തിൽ നിന്നുമായി ചുവടെ ചേർക്കും പ്രകാരം വാടക ഈടാക്കിയിട്ടുണ്ട്.

ക്രമ നം	**തുക അടവാക്കിയ സ്ഥാപനം/ വ്യക്തി**	**വൗച്ചർ നം**	**തീയതി**	**തുക**
1	ജോസ്	1230101190	13.07.23	1500
2	സുനിൽകുമാർ	1230101207	14.07.23	500
3	തങ്ക	1230102364	26.10.23	500
4	കാളി	1230102956	07.12.23	500
5	കൃഷ്ണബട്ട്	1230105018	06.02.24	950
6	TDO പനമരം	1230109289	31.03.24	96550

മേൽ പ്രകാരം വാടക നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം ഉൾപ്പെടെയുള്ള വിശദാംശങ്ങളും, ആംബുലൻസ് വാടക നിശ്ചയിച്ചിട്ടുള്ള ഭരണ സമിതി തീരുമാനത്തിന്റെ പകർപ്പും മേൽ പരാമർശിത ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നത് പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. TDOയിൽ നിന്നും പൊതുജനത്തിൽ നിന്നും വാടക ഈടാക്കിയത് 08/02/2022 തീയതിയിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന നമ്പർ 58/22, 14/02/2022ലെ ഭരണ സമിതി തീരുമാനം 4, 07/05/2022 തീയതിയിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന നമ്പർ 97/2022, 10/05/2022ലെ ഭരണ സമിതി തീരുമാനം നമ്പർ 2 എന്നിവ പ്രകാരമാണ് എന്നറിയിച്ചിട്ടുണ്ട്. അനുബന്ധ രേഖകളും ഹാജരാക്കിയിട്ടുണ്ട്.

3) CHC പനമരം, TDO പനമരം എന്നിവരുമായി ആംബുലൻസ് വാടകയ്ക്ക് നൽകുന്നതിനായി കരാർ ചമച്ചിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കുവാൻ മേൽ ഓഡിറ്റ് അന്വേഷണത്തിൽ ആവശ്യപ്പെട്ടിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ, നിലവിൽ മെഡിക്കൽ ഓഫീസർ, CHC പനമരം പെയിൻ & പാലിയേറ്റീവ് വാർഷിക പ്രോജക്ട് മുഖേനയാണ് നിർവ്വഹണം നടത്തി വരുന്നത് എന്നും, TDO യുമായി നിലവിൽ കരാർ ഇല്ലെന്നും, മറിച്ച് 07/05/2022 തീയതിയിലെ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന നമ്പർ 97/2022, 10/05/2022ലെ ഭരണ സമിതി തീരുമാനം നമ്പർ 2 എന്നിവ പ്രകാരമാണ് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുന്നത് എന്നും അറിയിച്ചിട്ടുണ്ട്.
ആംബുലൻസ് വാടകയിനത്തിൽ പനമരം CHC യിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക 2,58,000 രൂപ എത്രയും വേഗം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 തനത് ഫണ്ടിൽ നിന്നും പിൻവലിച്ച തുകകളുടെ വിനിയോഗം വ്യക്തമല്ല

പനമരം ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നത് കേരള സ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ബാങ്കിലെ 170410801000611 നമ്പർ അക്കൗണ്ട് മുഖേനയാണ്. ആയതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, "SELF, Y/S, YOURSELF" എന്നിങ്ങനെ രേഖപ്പെടുത്തിയ ഒട്ടേറെ തുകകൾ പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ എപ്രകാരമാണ് ചെലവഴിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം	പണമിടപാട്	ചെക്ക് നമ്പറിന്റെ അവസാന അക്കങ്ങൾ	പിൻവലിച്ച തുക	തീയതി
1	Y/S	8523	4,97,113	03.04.2023
2	Y/S	8535	10,05,993	03.04.2023
3	Y/S	8518	1,11,890	05.04.2023
4	Y/S	8482	10,29,249	01.08.2023
5	Y/S	8593	10,38,378	01.07.2023
6	YOURSELF	8555	9,82,763	03.05.2023
7	Y/S	8532	1,43,732	05.04.2023
8	Y/S	8517	32,000	19.04.2023
9	SELF	8552	30,725	24.04.2023
10	SELF	8564	35,210	10.05.2023

ചെക്ക് ഇഷ്യൂ രജിസ്റ്ററിൽ ചെക്കുകൾ പണമായി മാറിയ തീയതി പ്രത്യേകം രേഖപ്പെടുത്താത്തതിനാൽ ചെലവ് വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത തുകകളുടെ ചെലവ് വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 23/27-11-2014 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടിയിൽ, 6 തുകകളുടെ വിനിയോഗ വിവരങ്ങൾ ചുവടെ ചേർക്കും വിധം ലഭ്യമായിട്ടുണ്ട്.

ക്രമ നം	ചെക്ക് നം	തീയതി	ഇനം	തുക
1	8482	01.08.2023	ജൂലൈ ശമ്പളം	1029249
2	8593	01.07.2023	ജൂൺ ശമ്പളം	1038378
3	8555	03.05.2023	ഏപ്രിൽ ശമ്പളം	982763
4	8517	19.04.2023	Wages DRV AE	32000
5	8564	10.05.2023	Deductions	35210
6	8552	24.04.2023	Deductions	30725

അവശേഷിക്കുന്ന തുകകളുടെ വിനിയോഗ വിവരങ്ങൾ കൂടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ചെക്ക് ഇഷ്യൂ രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ ക്രമ പ്രകാരം സൂക്ഷിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-20 വസതി ലോൺ പലിശ അടവ്- ഡി പി സി അംഗീകാരം ലഭിച്ച അടങ്കലിനെക്കാൾ തുക ചെലവഴിച്ചു

പനമരം ഗ്രാമ പഞ്ചായത്തിലെ ഭവന രഹിതരായ ആളുകൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായി വസതി ഭവന പദ്ധതി എന്ന പേരിൽ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് ജില്ലാ സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുകയും പത്ത് വർഷ തിരിച്ചടവ് കാലാവധി കണക്കാക്കി വായ്പ മുതൽ ഭാഗം വികസന ഫണ്ട് ഉപയോഗിച്ചും പലിശ ഭാഗം തനത് ഫണ്ട് ഉപയോഗിച്ചും തിരിച്ചടവ് നടത്തുന്നതാണ് വസതി ഭവന പദ്ധതി.
2023-24 വർഷത്തിൽ വസതി ലോൺ പലിശ അടവ് വരുത്തുന്നതിനായി താഴെ

പറയുന്ന വിധം തയ്യാറാക്കി.

പ്രോജക്ടിന്റെ വിശദാംശങ്ങൾ	സുലേഖ പത്രിക പ്രകാരം ചെലവ്	ബിൽ രജിസ്റ്റർ പ്രകാരം ഉള്ള ചെലവ്
1)15/24, വസതി ഭവന	₹16,00,000(തനത്	1) Vr 22301244/5.3.24 -

വായ്പ പലിശ തിരിച്ചടവ് നിർവ്വഹണം - സെക്രട്ടറി അടങ്കൽ ₹16,00,000(തനത് ഫണ്ട്)	ഫണ്ട്) വൗച്ചർനം 22301244/5.3.24	16,00,000 (തനത് ഫണ്ട്) 2) Vr 22301156/27.3.24 - 10,02,433 (തനത് ഫണ്ട്) 3) Vr 22301224/27.3.24 - 2,00,000 (തനത് ഫണ്ട്) ആകെ - ₹ 28,02,433
	അടങ്കലിനെക്കാൾ അധികം ചെലവഴിച്ച തുക	₹ 12,02,433

ഭരണസമിതി തീരുമാനം 1(2) /തീയതി 2.3.2024 പ്രകാരം ആണ് അടങ്കലിനെക്കാൾ അധികം തുക ചെലവഴിച്ചത്. ഭരണസമിതി തീരുമാനം ചുവടെ ചേർക്കുന്നു

" പനമരം ഗ്രാമപഞ്ചായത്തിലെ ഭവന രഹിത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 10 കൊല്ല കാലാവധിയിൽ ബഹു സർക്കാർ അനുമതിയോടെ 12.5 % പലിശ നിരക്കിൽ നിലവിലെ കേരള ബാങ്കിൽ നിന്നും 2015-16 വർഷത്തിൽ 2,64,90,000 രൂപാ പനമരം ഗ്രാമപഞ്ചായത്ത് വായ്പ എടുത്തിരുന്നു. നിലവിൽ 2,64,03,471/- രൂപ മുതൽ ഇനത്തിൽ തിരികെ ഒടുക്കുവരുത്തിയിട്ടുണ്ട്. പലിശ ഇനത്തിൽ 1,08,61,632/- രൂപ ഒടുക്ക് വരുത്തിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം കണക്കു പ്രകാരം പഞ്ചായത്ത് 28,02,433/- രൂപ പലിശ ഒടുക്കുവരുത്തേണ്ടതാണ്. എന്നാൽ ഈ സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ വസതി വായ്പ പലിശ ഇനത്തിൽ 16 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് മാത്രമാണ് പഞ്ചായത്ത് ജില്ലാ സൂത്രണ സമിതിയുടെ അംഗീകാരം വാങ്ങിയിരുന്നത്. ടി തുക പലിശ ഇനത്തിൽ പഞ്ചായത്ത് ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ ബാങ്കിൽ നിന്നും ലഭ്യമായ ഡിമാന്റ് പ്രകാരം 2 ലക്ഷം രൂപ കൂടി ഈ സാമ്പത്തിക വർഷം ഒടുക്കിയില്ല എങ്കിൽ ലോൺ NPA ആയി മാറുകയും ഭീമമായ പിഴ പലിശ പഞ്ചായത്ത് ഒടുക്കേണ്ടി വരികയും ചെയ്യും. നിലവിൽ 12,02,433/- രൂപാ കൂടി പലിശ ഇനത്തിൽ പഞ്ചായത്ത് ഈ സാമ്പത്തിക വർഷം ഒടുക്ക് വരുത്തേണ്ടതായിരുന്നു പദ്ധതിയിലെ വകയിരുത്തൽ കുറഞ്ഞു പോയതിനാലാണ് പലിശ ഇനത്തിൽ മുഴുവൻ തുകയും പഞ്ചായത്തിന് ഈ സാമ്പത്തിക വർഷം അടവാക്കാൻ കഴിയാതെ പോയത്. സാമ്പത്തിക വർഷം അവസാനിയ്ക്കാറായ സാഹചര്യത്തിലും ലോക് സഭ ഇലക്ഷൻ പെരുമാറ്റച്ചട്ടങ്ങൾ നിലവിൽ ഉള്ള സാഹചര്യത്തിലും പദ്ധതി ഭേദഗതി ചെയ്യാൻ അവസരം ലഭ്യമാകില്ലെന്നു ജില്ലാ ആസൂത്രണ സമിതിയിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. മേൽ സാഹചര്യങ്ങൾ എല്ലാം പരിഗണിച്ചു വസതി ലോണിന് മുകളിൽ ഭീമമായ പിഴ പലിശ ഒഴിവാക്കുന്നതിനായി പദ്ധതി ചെലവിനു പുറമെ 200,000/- ലക്ഷം രൂപാ കൂടി പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും അടവാക്കുന്നതിനു ഈ യോഗം ഐകകണ്ടേന സെക്രട്ടറിയെ ചുമതലപ്പെടുത്തി അംഗീകരിച്ചു തീരുമാനിച്ചു. പദ്ധതി ഭേദഗതി ലഭ്യമാകും മുറയ്ക്ക് ഈ സാമ്പത്തിക വർഷം അടയ്ക്കേണ്ട പലിശ പദ്ധതിയിൽ ക്രമീകരിയ്ക്കുന്നതിനും ഈ യോഗം ഐകകണ്ഠ്യേന അംഗീകരിച്ചു തീരുമാനിച്ചു "

ഓഡിറ്റ് എൻകയറി നം (11/26.11.2024) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അംഗീകരിച്ച പ്രോജക്ട് അടങ്കലിനെക്കാൾ തുക ചെലവഴിച്ച നടപടി ക്രമീകരിച്ചു വിവരം അറിയിക്കേണ്ടതാണ്.

1-21 ഘടക സ്ഥാപനങ്ങൾക്കുവേണ്ടി ഫർണിച്ചർ വാങ്ങൾ- സ്റ്റോക്കും വിതരണ വിവരവും ഹാജരാക്കിയില്ല

2023-24 വർഷത്തിൽ പനമരം ഗ്രാമ പഞ്ചായത്തിനു കീഴിലെ വിവിധ ഘടക സ്ഥാപനങ്ങൾക്കുവേണ്ടി ഫർണിച്ചർ താഴെ പറയുന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുണ്ട്.

പ്രോജക്ടിന്റെ വിശദാംശങ്ങൾ	ചെലവ് തുക	വാങ്ങിയഉപകരണങ്ങളുടെ വിശദാംശങ്ങൾ
332/24, ഘടക സ്ഥാപനങ്ങൾക്കുവേണ്ടി ഫർണിച്ചർ വാങ്ങൽ നിർവ്വഹണം -സെക്രട്ടറി അടങ്കൽ:₹16,69,000/- ((MG Road)) ഫർണ്ണിച്ചർ വിതരണം ചെയ്ത സ്ഥാപനം- ARTCO Ltd ഫണ്ട് :- മെയിന്റനൻസ് ഫണ്ട് (റോഡിതരം)	₹16,68,828/- ബിൽ BRN 547329/13.9.23	1)classroom Hardwood Desk-56 No 2) Plastic Chair- 271 No 3)office Chair Steel- 21 No 4)Armless Chair- 315 No 5)high Back Revolving Chair-2 6)Revoving Medium Back Chair- 2 7)class Room Hard Wood

			Bench-76 8)steel Cabinet With Locker- 38 No 9)corner Table- 2 10) Executive Table- 2 11)office Table- 37 No

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് , ജി എൽപി എസ് കൈതക്കൽ, കൃഷി ഭവൻ, അസി.എഞ്ചിനീയർ ഓഫീസ്,
ജി.എൽ.പി.എസ് കുപ്പത്തോട്, ഹോമിയോ ഡിസ്പൻസറി, 41 അംഗനവാടികൾ എന്നീ സ്ഥാപനങ്ങൾക്കായി ആണ് ഫർണിച്ചർ വാങ്ങിയത്.മേൽ ചെലവ് വാർഷിക കണക്കിൽ ക്യാപിറ്റൽ എക്സെപൻഡിച്ചർ ആയല്ല ചേർത്തിരിക്കുന്നത്.

മേൽ പറഞ്ഞ ഫർണ്ണിച്ചറുകളുടെ സ്റ്റോക്ക് വിവരങ്ങൾ, ഫർണ്ണിച്ചർ ഘടക സ്ഥാപനങ്ങൾക്കു വിതരണം ചെയ്തതിന്റെ വിവരം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. എൻകയറി (11/26.11.2024) നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ₹16,68,828/- ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു.

1-22 സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണം- ഫയൽ ഹാജരാക്കാത്തത്-സംബന്ധിച്ച്

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന്റെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

പ്രൊജക്ട് നം.	പ്രൊജക്ട് പേര്.	തുക/ബിൽ നം.
336/24	ഗ്രാമ പഞ്ചായത്തോഫീസിലെ സോളാർ ബാറ്ററി റീപ്ലേസിംഗ്	അടങ്കൽ-139750 വികസനഫണ്ട് (General) ചെലവ് -1,07,700 വികസനഫണ്ട് (General)
512/24	വാർഡ് എട്ട് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ	22301244/30.3.24 അടങ്കൽ - 80,000 78,203 (തനത് ഫണ്ട്)

എൻകയറി (12/26.11.2024) നൽകിയെങ്കിലും മുകളിൽ പറഞ്ഞ പദ്ധതി ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ 185903 രൂപ ചെലവഴിച്ചത് തടസ്സത്തിൽ വെക്കുന്നു. ഫയൽ ഹാജരാക്കാത്തതിനാൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, കേരള പഞ്ചായത്ത് രാജ് ഓഡിറ്റും പരിശോധനാ രീതിയും ചട്ടങ്ങൾ ചട്ടം(12) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

1-23 അസി.എഞ്ചിനിയർ -ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.

അസി.എഞ്ചിനിയറുടെ പേരിൽ കനറാ ബാങ്കിൽ (IFSC CNRB0000856) 0856101054773 അക്കൗണ്ട് നമ്പറിൽ ഒരു എസ്.ബി അക്കൗണ്ട് നിലവിലുണ്ട് 12.04.2006 ലെ G.O(P) No 177/2006/Fin പ്രകാരം നോൺ ബാങ്കിംഗ് ട്രഷറി മുഖേന പണമിടപാടുകൾ നടത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിലെ നിർവ്വഹണോദ്യോസ്ഥരുടെ പേരിൽ മാത്രമാണ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരിക്കുന്നത്. ഈ അക്കൗണ്ടിൽ ലഭ്യമായ വിവരം അനുസരിച്ച് 31-03-2024 തീയതിയിൽ ₹ 13,14,364.55 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതു ഇനത്തിലുള്ള നീക്കിയിരിപ്പാണെന്ന് വ്യക്തമല്ല. ഈ തുകയുടെ നീക്കിയിരിപ്പ് വിവരം ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. തനത് ഫണ്ട്/CFC തുകൾ എന്നിവ, അസി. എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് സെക്രട്ടറി കൈമാറുകയും പിന്നീട് അസി.എഞ്ചിനീയർ തുക കരാറുകാരന് നൽകുകയുമാണ് ചെയ്യുന്നത്. സെക്രട്ടറി പണം കരാറുകാരന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്യേണ്ടത്.

ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ-17/2023-2024 തീയതി : 26/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പുള്ള ഈ തുക ഏതൊക്കെ ഇനങ്ങളിൽ ലഭിച്ച തുകയാണ് എന്ന് പരിശോധിച്ച് തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. ട്രാൻസാക്ഷൻ ഉള്ള ബാങ്ക് അക്കൗണ്ട് ആയതിനാൽ വാർഷിക കണക്കിൽ കൊണ്ട് വരേണ്ടതാണ്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് അറിയിക്കേണ്ടതാണ്.

1-24 2023-24 വർഷത്തെ ചെലവ് പത്രികയിൽ 20 പദ്ധതികളുടെ ചെലവ് - ₹70,68,450/- രേഖപ്പെടുത്തിയിട്ടില്ല.

പനമരം ഗ്രാമ പഞ്ചായത്തിലെ, 2023-2024 സാമ്പത്തിക വർഷം, അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന 20 പദ്ധതികളിൽ(CFC & തനത് ഫണ്ട്), ചെലവ് പത്രികയിൽ പദ്ധതിയുടെ ചെലവ് പൂജ്യം ആണ് കാണിച്ചിരിക്കുന്നത്.

ക്രമ നം.	പ്രോജക്ട് നം./പേര്	അടങ്കൽ	ചെലവ്(₹)	വൗച്ചർ നം./ ചെക്ക് നം/ തീയതി
1	ആര്യന്നൂർ കുടിവെള്ള പദ്ധതി കിണർ, ടാങ്ക് , മോട്ടോർ നിർമ്മാണം(പ്രോ.നം.451/24)	500000/- CFC	4,99,912/-	XVFC/2023-24/ P/116/12.09.23

2	എടത്തിൽ അങ്കണവാടി കോളനി കിണർ, ടാങ്ക് , മോട്ടോർ നിർമ്മാണം(പ്രോ.നം.471/24)	375000 CFC	3,74,897/-	XVFC/2023-24/ P/117/04.11.23
3	ചെറുകാട്ടൂർ കോൺവെന്റ് കുന്ന് കുടിവെള്ള കിണർ മോട്ടോർഫിറ്റിംഗ്(പ്രോ.നം.385/24)	200000/- CFC	1,99,942,/-	XVFC/2023-24/ P/118/04.11.23
4	മാതംകോട് കോളനി കുടിവെള്ള പദ്ധതി ടാങ്ക് , മോട്ടോർ ഫിറ്റിംഗ്(പ്രോ.നം.361/24)	300000/- CFC	2,91,015/-	XVFC/2023-24/ P/119/04.11.23
5	പെരിമംഗലം കോളനി കുടിവെള്ള പദ്ധതി കിണർ, ടാങ്ക് , മോട്ടോർ ഫിറ്റിംഗ്(പ്രോ.നം.365/24)	350000/- CFC	3,24,207/-	XVFC/2023-24/ P/120/04.11.23
6	പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം(പ്രോ.നം.379/24)	500000/- CFC	4,59,471/-	XVFC/2023-24/ P/121/16.11.23
7	പെരട്ടക്കുന്ന് EMS ഹാൾ പൊതു ടോയിലറ്റ് നിർമ്മാണം(പ്രോ.നം.456/24)	350000/- CFC	2,95,938/-	XVFC/2023-24/ P/122/16.11.23
8	നെല്ലിക്കൽ കോളനി ഡ്രൈനേജ് നിർമ്മാണം(പ്രോ.നം.479/24)	300000/- CFC	2,97,946/-	XVFC/2023-24/ P/123/16.11.23
9	പനമരം ഗവ. LP സ്കൂൾ റൂഫ് മാറ്റി വെക്കൽ (പ്രോ.നം.407/24)	600000/- CFC	5,41,423/-	XVFC/2023-24/ P/125/30.11.23
10	ഒന്നാം മൈൽ ലക്ഷം വീട് കുഴൽ കിണർ നിർമ്മാണം(പ്രോ.നം.366/24)	100000/- CFC	51,448/-	XVFC/2023-24/ P/126/08.12.23
11	കരിമംകുന്ന് അംഗൺവാടി സ്റ്റെയർകെയിസ് റൂഫിംഗ് നിർമ്മാണം(പ്രോ.നം.380/24)	150000/- CFC	1,48,440/-	XVFC/2023-24/ P/129/04.03.24
12	മെതോത്ത് പൊയിൽ അംഗൺവാടി കിണർ, മോട്ടോർ, പ്ലംബിംഗ് നിർമ്മാണം(പ്രോ.നം.418/24)	162881/- CFC	1,56,611/-	XVFC/2023-24/ P/127/04.03.24
13	നടുവിൽ വീട് കോളനി കിണർ നിർമ്മാണം(പ്രോ.നം.426/24)	200000/- CFC	1,92,340/-	XVFC/2023-24/ P/128/04.03.24
14	പാലുകുന്ന് അംഗൺവാടി സ്റ്റെയർകെയിസ് മോട്ടോർ, പൈപ്പ് കണക്ഷൻ(പ്രോ.നം.472/24)	50000/- CFC	50,000/-	XVFC/2023-24/ P/130/04.03.24
15	കരിമംകുന്ന് അംഗൺവാടി സ്റ്റെയർകെയിസ് റൂഫിംഗ് നിർമ്മാണം(പ്രോ.നം.380/24)	150000/- CFC	1,48,440/-	XVFC/2023-24/ P/129/04.03.24
16	എറാത്ത് കിണർ നിർമ്മാണം(പ്രോ.നം.359/24)	150000/- CFC	1,37,464/-	XVFC/2023-24/ P/131/04.03.24
17	ചെമ്പില്ലി കിണർ നിർമ്മാണം(പ്രോ.നം.373/24)	25000/- CFC	24,793/-	XVFC/2023-24/ P/133/04.03.24
18	പരക്കുനി പൊതു കിണർ റിപ്പയറിംഗ്(പ്രോ.നം.380/24)	100000/- CFC	59,162/-	XVFC/2023-24/ P/132/04.03.24
19	മാതംകോട് കോളനി പൊതു കിണർ റിപ്പയറിംഗ്(പ്രോ.നം.375/24)	200000/- CFC	1,05,687/-	XVFC/2023-24/ P/134/04.03.24
20	കൈതക്കൽ ജലനിധി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ(പ്രോ.നം.390/24)	3708575/- തനത് ഫണ്ട്	27,09,314/-	ചെക്ക്.നം. 321308 DT 01/11/23
ആകെ			**70,68,450/-**	

മേൽ പട്ടിക പ്രകാരം, അസി.എഞ്ചിനീയറുടെ 20 പദ്ധതികളുടെ, 70,68,450/- രൂപയുടെ ചെലവ് വിവരം പനമരം ഗ്രാമ പഞ്ചായത്തിന്റെ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. മേൽ പദ്ധതികളുടെ സുലേഖ ചെലവ് പത്രികയിൽ പൂജ്യം ചെലവ് രേഖപ്പെടുത്തിയതിനാൽ മേൽ 20 പദ്ധതികളും 2024-25 സാമ്പത്തിക വർഷം സ്പിൽ ഓവറായും വരുന്നതാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 22/2023-2024 തീയതി: 26/11/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. 70 ലക്ഷം രൂപയുടെ ചെലവ് വിവരം ചെലവ് പത്രികയിൽ ഉൾപ്പെടാത്തത് ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വരുന്നു.

1-25 കൈപ്പാട്ട് കുന്ന് കുടിവെള്ള പദ്ധതി പമ്പ് ഹൗസ് പുനർ നിർമ്മാണം - പ്രവർത്തനക്ഷമമായിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ കൈപ്പാട്ട് കുന്ന് കുടിവെള്ള പദ്ധതി പമ്പ് ഹൗസ് പുനർ നിർമ്മാണം ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	നം. S0443/24, കൈപ്പാട്ട് കുന്ന് കുടിവെള്ള പദ്ധതി
അടങ്കൽ	₹ 4,00,000/-(തനത് ഫണ്ട്)
ചെലവ് തുക, ബിൽ നം./തീയതി	₹ 3,10,287/- (ചെക്ക് നം.321316/തീയതി:03/02/24)
എസ്റ്റിമേറ്റ് തുക	₹ 4,00,000/-
Estimation PAC	3,51,105.12/-(Including Electrification Amount ₹ 88,000/-)
സാങ്കേതിക അനുമതി	78171/2022 Dt 07/11/2022
കരാർ നം./തീയതി	AE/LSGD/PNM/27/2022-23/23.12.2023
കരാറുകാരന്റെ പേര്	ശ്രീ. വിനോ.കെ.എം

മേൽ പ്രോജക്ട് ഫയൽ പ്രകാരവും , 29/07/2024- ന് നടത്തിയ സ്ഥല പരിശോധനയിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. അസി. എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് സെക്രട്ടറി പണം കൈമാറുകയും പിന്നീട് അസി.എഞ്ചിനീയർ തുക കരാറുകാരന് നൽകുകയുമാണ് ചെയ്യുന്നത്. സെക്രട്ടറി പണം കരാറുകാരന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്യേണ്ടത്. (ജി.ഓ.(പി) നം 177/2006/ധനം തീയതി 12.04.2006)

2. പമ്പ് ഹൗസ് പുനർനിർമ്മിച്ചിട്ടുണ്ട്. White Washing ചെയ്തിട്ടില്ല. എന്നാൽ, ഫൈനൽ ബിൽ പ്രകാരം White Wash ചെയ്തതിന് ഇനം 16 ആയി 1,879/- രൂപ(1592.62+GST286.67) നൽകിയിട്ടുണ്ട്.

3. കെ.എസ്.ഇ.ബി ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ല. മോട്ടോർ സ്ഥാപിച്ചിട്ടില്ല. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതിനാൽ പദ്ധതി നിർജ്ജീവമാണ്. പമ്പ് ഹൗസ് പരിസരം കാടു കയറി ഉപയോഗശൂന്യമായി കിടക്കുകയാണ്.



പമ്പ് ഹൗസ് ഉപയോഗിക്കാതെ കാടു കയറി കിടക്കുന്നു.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 18/2023-2024 തീയതി: 26/11/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് കൈപ്പാട്ട് കുന്ന് കുടിവെള്ള വിതരണ പദ്ധതി പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക ₹ 3,10,287/- തടസ്സപ്പെടുത്തുന്നു. വൈറ്റ് വാഷ് ചെയ്യാതെ ആ ഇനത്തിന് നൽകിയ ₹ 1,879/- തിരികെ ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി അറിയിക്കേണ്ടതാണ്.

1-26 മാതം കോട് കോളനി കുടിവെള്ള പദ്ധതി ടാങ്ക് മോട്ടോർ പ്ലംബിംഗ് സ്ഥപിക്കൽ - ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ മാതം കോട് കോളനി കുടിവെള്ള പദ്ധതി ടാങ്ക് മോട്ടോർ പ്ലംബിംഗ് സ്ഥപിക്കൽ നിലവിലും ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	നം. S0361/24, മാതം കോട് കോളനി കുടിവെള്ള പദ്ധതി ടാങ്ക് മോട്ടോർ പ്ലംബിംഗ് സ്ഥപിക്കൽ

അടങ്കൽ	₹ 3,00,000/-(CFC)
ചെലവ് തുക, ബിൽ നം./തീയതി	₹ 2,91,015/- (Vr No. XVFC/2023-24/P/119 DT 04/11/23)
എസ്റ്റിമേറ്റ് തുക	₹ 4,00,000/-
Estimation PAC	3,51,105.12/-(Including Electrification Amount ₹ 88,000/-)
സാങ്കേതിക അനുമതി	78171/2022 Dt 07/11/2022
കരാർ നം./തീയതി	AE/LSGD/PNM/27/2022-23/23.12.2023
കരാറുകാരന്റെ പേര്	ശ്രീ. വിനോ.കെ.എം

മേൽ പ്രോജക്ട് ഫയൽ പ്രകാരവും, 29/07/2024- ന് നടത്തിയ സ്ഥല പരിശോധനയിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1. അസി. എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് സെക്രട്ടറി പണം കൈമാറുകയും പിന്നീട് അസി.എഞ്ചിനീയർ തുക കരാറുകാരന് നൽകുകയുമാണ് ചെയ്യുന്നത്. സെക്രട്ടറി പണം കരാറുകാരന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്യേണ്ടത്.

2. കിണർ, ടാങ്ക് , പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. കരാറുകാരൻ 1.5 HP Submersibleമോട്ടോർ, മോട്ടോർ അനുബന്ധ പൈപ്പുകൾ, 1.5 HP പാനൽ ബോർഡ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ, കെ.എസ്.ഇ.ബി ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടിയിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഇല്ല. ഇലക്ട്രിസിറ്റി കണക്ഷൻ കിട്ടാത്തതിനാൽ പദ്ധതി പ്രവർത്തിക്കുന്നില്ല. കിണറിൽ ഇറക്കി വെച്ച മോട്ടോർ പ്രവർത്തിപ്പിക്കാതെ തന്നെ പണം നൽകിയിട്ടുണ്ട്. മോട്ടോറിന് ഒരു വർഷം മാത്രം ആണ് വാറന്റി ഉള്ളത്.

3) എക്സ്പെൻഡിച്ചർ പത്രിക പ്രകാരം മേൽ പദ്ധതിയുടെ ചെലവ് പൂജ്യം ആണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 19/2023-2024 തീയതി: 26/11/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് മാതം കോട് കോളനി കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്. അതുവരെ ചെലവ് തുക ₹ 2,91,015/- തടസ്സപ്പെടുത്തുന്നു.

1-27 ഒന്നാം മൈൽ ലക്ഷം വീട് കുഴൽ കിണർ നിർമ്മാണം - മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയാട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഒന്നാം മൈൽ ലക്ഷം വീട് കുഴൽ കിണർ നിർമ്മാണം നിലവിലും ലക്ഷ്യം പൂർത്തീകരിച്ചിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	നം. S0366/24, ഒന്നാം മൈൽ ലക്ഷം വീട് കുഴൽ കിണർ നിർമ്മാണം
അടങ്കൽ	₹ 2,50,665/-(CFC)
ചെലവ് തുക, ബിൽ നം./തീയതി	₹ 51,448/- (വൗച്ചർ നം.XVFC/2023-24/P/126തീയതി:03/02/24)

മേൽ പദ്ധതി പ്രകാരം, ഒന്നാം മൈൽ ലക്ഷം വീട് കുഴൽ കിണറിന് ജലലഭ്യത കുറവായതിനാൽ, ഹാൻഡ് പമ്പ് ഘടിപ്പിക്കുന്നതിനാണ് തുക ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. ഭൂജല വകുപ്പ് വയനാട് ജില്ല ഓഫീസറുടെ കത്ത് പ്രകാരം(നം.GW/DW/T/1821/23 തീ.25/03/23) കുഴൽ കിണറിൽ ഹാൻഡ് പമ്പ് സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് 51,418/- രൂപയാണ്. മേൽ തുക, 03/02/24 - ന് ഭൂജല വകുപ്പ് വയനാട് ജില്ല ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രോജക്ടിന്റെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. ചെലവ് പത്രികയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല. പ്രോജക്ട് പ്രിന്റ് എടുക്കുമ്പോൾ Draft For Verification എന്നാണ് ഉള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 20/2023-2024 തീയതി: 26/11/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒന്നാം മൈൽ ലക്ഷം വീട് കുഴൽ കിണറിന്റെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം , ഭൗതിക നേട്ട റിപ്പോർട്ട്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കും വരെ ചെലവ് തുക ₹ 51,448/- തടസ്സപ്പെടുത്തുന്നു. മറ്റ് അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

1-28 കൈതക്കൽ ജലനിധി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ - ₹ 9,99,261/- സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ കൈതക്കൽ ജലനിധി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കാൻ വേണ്ടി റീ ബിൽഡ് കേരളയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം./പേര്	നം. S0390/24, കൈതക്കൽ ജലനിധി പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ
അടങ്കൽ	₹ 37,08,575/-(തനത് ഫണ്ട്)
ചെലവ് തുക, ബിൽ നം./തീയതി	₹ 27,09,314/- (ചെക്ക്.നം. 321308 DT 01/11/23)
എസ്റ്റിമേറ്റ് തുക	₹ 37,08,575/-
Estimation PAC	3,14,228.37/-

സാങ്കേതിക അനുമതി	13127/2022 Dt 07/11/2022
കരാർ നം./തീയതി	AE/LSGD/PNM/94/2022-23/13.03.2023
കരാറുകാരന്റെ പേര്	ശ്രീ. ഷമീർ. എ.

ചെലവ് പത്രിക പ്രകാരം അടങ്കലിന്റെ ഫണ്ടിനം മറ്റുള്ളവയിൽ ആണ് ചേർത്തിരിക്കുന്നത്. മേൽ പദ്ധതിയുടെ, ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

1) പനമരം കീഞ്ഞുകടവ് പാലക്കുന്ന് റോഡിലെ ജലനിധി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി , എക്സി. എഞ്ചിനീയർ, റീബിൽഡ് കേരള, തൃശ്ശൂരിന്റെ കത്ത് (ഓർഡർ നം. E45/2022/P1 UTCR/W41 തീ. 30/01/2022) പ്രകാരം, 37,08,575/- രൂപ പനമരം ഗ്രാമ പഞ്ചായത്തിന്റെ LGTSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. അത് പ്രകാരമാണ് മേൽ പ്രോജക്ട് രൂപീകരിച്ച് പ്രവർത്തി പൂർത്തിയാക്കി 32,50,436/- രൂപയുടെ ഫൈനൽ ബിൽ തയ്യാറാക്കുകയും, സെക്രട്ടറി അസി. എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക്(കാനറ ബാങ്ക് അക്കൗണ്ട് നം.0856101054773) 32,40,436/- രൂപ കൈമാറുകയും ചെയ്തിരിക്കുന്നത്. എന്നാൽ, എക്സി. എഞ്ചിനീയർ, റീബിൽഡ് കേരള, തൃശ്ശൂരിന്റെ കത്ത് (ഓർഡർ നം. E65/2022/P1 UTCR/W41 തീ. 13/04/2023) പ്രകാരം, കരാറുകാരൻ , ബാക്ക് ഫില്ലിംഗ് എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ ചെയ്യാത്തതിനാൽ, 5,41,122/- രൂപ കരാറുകാരന് നൽകാനുള്ള തുകയിൽ നിന്നും തിരികെ അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അതു പ്രകാരം, അസി. എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ(കാനറ ബാങ്ക് അക്കൗണ്ട് നം.0856101054773) നിന്നും സെക്രട്ടറിയുടെ TSB അക്കൗണ്ടിലേക്ക്(നം.799013000001047) 30/08/2024- ന് 5,41,122/- രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ചെലവഴിക്കാത്ത ബാക്കി തുകയായ 9,99,261/- (3708575-2709314) സെക്രട്ടറി ഇതു വരെ സർക്കാരിലേക്ക് തിരികെ അടവാക്കിയിട്ടില്ല.

2) അസി. എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് സെക്രട്ടറി പണം കൈമാറുകയും പിന്നീട് അസി.എഞ്ചിനീയർ തുക കരാറുകാരന് നൽകുകയുമാണ് ചെയ്യുന്നത്. സെക്രട്ടറി പണം കരാറുകാരന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്യേണ്ടത്.

3) എക്സ്പെൻഡിച്ചർ പത്രിക പ്രകാരം മേൽ പദ്ധതിയുടെ ചെലവ് പൂജ്യം ആണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 21/2023-2024 തീയതി: 26/11/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതിയിൽ,സർക്കാരിലേക്ക് തിരികെ അടവാക്കാനുള്ള ₹ 9,99261/- രൂപ അടവാക്കി അറിയിക്കേണ്ടതാണ്. മറ്റ് അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

1-29 SECURE സോഫ്റ്റ്വെയറിൽ സിമന്റിന് അധിക നിരക്ക് ഉൾപ്പെടുത്തിയതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ സിമന്റിന് അധിക തുക നൽകുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ MGNRGA പദ്ധതിയിൽ ഉൾപ്പെടുത്തി സിമന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. MGNRGA -യുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് SECURE എന്ന സോഫ്റ്റ്വെയറിൽ ആണ്. പ്രസ്തുത സോഫ്റ്റ്വെയർ പ്രകാരം തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ സിമന്റ് വാങ്ങുന്നതിനുള്ള നിരക്ക് വളരെ കൂടുതലാണ് എന്നും തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുന്നതിനു് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകാവു എന്നും MGNRGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്, MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം(നം.NREGA/724/2022-A3) എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഓംബുഡ്മാൻ ഉത്തരവ് പ്രകാരം നിലവിലെ മാർക്കറ്റ് റേറ്റിന് പകരം SECURE സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക സിമന്റിന് നൽകാൻ പാടുള്ളതല്ല. മാർക്കറ്റ് വിലയേക്കാൾ ഇത്രയധികം തുക SECURE സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശരിയല്ല എന്നും ഉത്തരവായിട്ടുണ്ട്. മേൽ ഓംബുഡ്മാൻ ഉത്തരവ് അടിസ്ഥാനമാക്കി മിഷൻ ഡയറക്ടർ ഇറക്കിയ ഉത്തരവ് പ്രകാരം(നം.NREGA/724/2022-A3 തീ 17/08/2022) സിമന്റ് ഒരു Packaged Commodity എന്ന നിലയിൽ Packet-ൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ വില നൽകി വാങ്ങാൻ പാടില്ല എന്നും, ടെണ്ടർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ നൽകുന്ന ബ്രാൻഡിന്റെ പേര്(വ്യത്യസ്ത ബ്രാൻഡുകൾക്ക് വ്യത്യസ്ത വിലയായതിനാൽ) യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ ഉണ്ടായിരിക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, ഓംബുഡ്മാന്റെയും മിഷൻ ഡയറക്ടറുടെയും മേൽ ഉത്തരവ് പാലിക്കാതെ SECURE സോഫ്റ്റ്വെയറിൽ ഉള്ള നിരക്ക് പ്രകാരം ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കിയാണ് സിമന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികളിലേക്ക് ആവശ്യമായ സിമന്റ് വാങ്ങിയിട്ടുള്ളത്. ആയത് അധിക ചെലവിന് ഇടയാക്കുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു. ഈ കാലയളവിൽ ഒരു ചാക്ക് സിമന്റിന് DSR(PRICE 3 SOFTWARE) പ്രകാരം സിമന്റ് വില, കോസ്റ്റ് ഇൻഡക്സ്, 18% GST എന്നിവ ഉൾപ്പെടെ പരമാവധി അനുവദിക്കാവുന്ന തുക 405/- രൂപയാണ്. ഈ നിരക്കാണ് പൊതു മരാമത്ത് പ്രവൃത്തികളിൽ അനുവദിച്ച് വരുന്നത്. ഇപ്രകാരം ഒരു ടൺ സിമന്റിന് പരമാവധി അനുവദിക്കാവുന്ന നിരക്ക് 8101/- രൂപയാണ്. പനമരം ഗ്രാമ പഞ്ചായത്തിലെ തന്നെ അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രവർത്തികളിൽ(ഉദാ:-പ്രോജക്ട് നം.466/24 - എടത്തുംകുന്ന് മാതോത്ത് കുന്ന് റോഡ് കോൺക്രീറ്റ്) ഉൾപ്പെടെ ഒരു ടൺ സിമന്റിന് പരമാവധി അനുവദിക്കുന്ന നിരക്ക് 8101/- രൂപയാണ്. സിമന്റിന് അധിക നിരക്ക് ഉൾപ്പെടുത്തി ഡാറ്റ തയ്യാറാക്കിയ ഏതാനും മെറ്റീരിയൽ വർക്കുകളുടെ വിവരം താഴെ കൊടുക്കുന്നു.

ക്ര. നം	പ്രവൃത്തിയുടെ വിവരം	ഡാറ്റയിൽ ഉൾപ്പെടുത്തിയ സിമന്റ് വില(₹)	വാങ്ങിയ സിമന്റിന്റെ അളവ് (Tonne)	ആകെ നൽകിയ തുക(₹)	അനുവദിക്കാവുന്ന തുക(₹) [@8101/ Tonne]including 18% GST	അധിക ചെലവ് (₹)
1	മാതാളിക്കുന്ന റോഡ് കോൺക്രീറ്റ്, വാർഡ് 15, വർക്ക് കോഡ് : RC/378579 TS No : 2022-23/246190, എസ്റ്റിമേറ്റ് തുക:479924 ചെലവ് : 476224 കരാറുകരൻ:New Wayanad	11201.28/Ton	16.56 Ton	185493	134153	51,340/-

	Labour Contract & Construction Society, FTO No: 161204/13.12.23					
2	മണൽവയൽ പന്തലാടി റോഡ് കോൺക്രീറ്റിംഗ്, വാർഡ് 14, വർക്ക് കോഡ് : RC/378703 TS No : 2022-23/62567, എസ്റ്റിമേറ്റ് തുക:485708 ചെലവ് : 481732 കരാറുകാരൻ: വിജയൻ.ടി.സി FTO No : 16713/11.01.24	11201.28/Ton	16.8 Tonne	188182	136097	52,085/-
3	മൃഗാശുപത്രി കളത്തിങ്കൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് 22, വർക്ക് കോഡ് : RC/378633 TS No : 2022-23/37670 എസ്റ്റിമേറ്റ് തുക: 485708 ചെലവ് : 465238/- കരാറുകാരൻ: വിജയൻ ടി.സി, FTO No: 163231/06.12.23.	11201.28/Ton	16.53 Tonne	185157	133910	51,247/-
4	പാതിരിയമ്പം കോളനി റോഡ് കോൺക്രീറ്റിംഗ് , വർക്ക് കോഡ് : RC/387717 TS No : 2022-23/56828 എസ്റ്റിമേറ്റ് തുക: 466480 ചെലവ് : 347052/- കരാറുകാരൻ: തങ്കച്ചൻ.സി.വി, FTO No: 1626/03.10.23	11201.28/Ton	12.0381 Tonne	134842	97521	37,321/-
5	ഏച്ചോം അമ്പലക്കുളം റോഡ് കോൺക്രീറ്റിംഗ് , വാർഡ് 16, വർക്ക് കോഡ് : RC/378581 TS No : 2022-23/246182 എസ്റ്റിമേറ്റ് തുക: 481862 ചെലവ് : 471805/- കരാറുകാരൻ: മുജീബ് ടി.എം, FTO No: 163211/06.12.23	11201.28/Ton	16.47 Tonne	184485	133423	51,062/-
6	പന്തലാടി ചേരിങ്കൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് 14 , വർക്ക് കോഡ് : RC/387701, TS No : 2022-23/21785 എസ്റ്റിമേറ്റ് തുക: 482776 ചെലവ് : 474253 കരാറുകാരൻ: വിജയൻ ടി.സി., FTO No: 161209/13.12.23	11201.28/Ton	16.704 Tonne	187106	135319	51,787/-
7	എരിക്കിലാട്ട് കോളനി റോഡ് കോൺക്രീറ്റിംഗ് വാർഡ് 14 , വർക്ക് കോഡ് : RC/378696, TS No : 2022-23/246170 എസ്റ്റിമേറ്റ് തുക: 484995 ചെലവ് : 460480	11201.28/Ton	16.8 Tonne	188182	136097	52,085/-

	കരാറുകാരൻ: ആലിഫ് ട്രേഡേഴ്സ്, FTO No: 163121/06.12.23					
8	കുറുമ്പാലക്കോട്ട വാട്ടർ ടാങ്ക് റോഡ് കോൺക്രീറ്റിംഗ് വാർഡ് 18 , വർക്ക് കോഡ് : RC/378554, TS No : 2022-23/246137 എസ്റ്റിമേറ്റ് തുക: 482635 ചെലവ് : 477550 കരാറുകാരൻ: വിജയൻ ടി.സി., FTO No: 163327/06.12.23	11201.28/Ton	16.7088 Tonne	187160	135358	51,802/-
9	അരിഞ്ചേർമല കുടിയോംവയൽ റോഡ് കോൺക്രീറ്റിംഗ് വാർഡ് 14 , വർക്ക് കോഡ് : RC/378706, TS No : 2022-23/246157, എസ്റ്റിമേറ്റ് തുക: 485708 ചെലവ് : 469004 കരാറുകാരൻ: അലിഫ് ട്രേഡേഴ്സ്, FTO No: 163221/06.12.23	11201.28/Ton	16.7088 Tonne	187160	135358	51,802/-
10	ഒഴുകൊല്ലി കുറുമ കൊല്ലി റോഡ് കോൺക്രീറ്റിംഗ് വാർഡ് 4 , വർക്ക് കോഡ് : RC/389580, TS No : 2023-24/89342 എസ്റ്റിമേറ്റ് തുക: 484940 ചെലവ് : 476794 കരാറുകാരൻ: മുജീബ്.ടി.എം., FTO No: 1624/03.10.23	11201.28/Ton	16.704 Tonne	187106	135319	51,787/-
ആകെ						5,02,318/-

2023-24 സാമ്പത്തിക വർഷത്തിൽ പനമരം ഗ്രാമ പഞ്ചായത്തിൽ, തൊഴിലുറപ്പ് പദ്ധതിയിലൂടെ സിമന്റ് ഉപയോഗിച്ചുള്ള 44 മെറ്റീരിയൽ പ്രവർത്തികൾ ആകെ നടപ്പിലാക്കിയിട്ടുണ്ട്. അതിൽ, മുകളിലെ പട്ടികയിൽ നൽകിയിരിക്കുന്ന 10 പ്രവർത്തികളിൽ മാത്രം 5 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവർത്തികളിലും ഇതേ നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ: 05/2023-2024 തീയതി: 22/11/2024) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പട്ടികയിലുള്ളത് പോലെ, മെറ്റീരിയൽ വർക്കുകൾക്കായി ഉപയോഗിക്കുന്ന സിമന്റിന് അധിക നിരക്ക് ഡാറ്റയിൽ ഉൾപ്പെടുത്തുന്നത് വഴി പൊതുഖജനാവിന് സംഭവിക്കുന്ന നഷ്ടം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ട് വരുന്നു. തൊഴിലുറപ്പ് പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമത്തിലെ നിർദേശം പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്

